VOL NO: 03 | ISSUE 26

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JUNE 29 | ₹12

## ഫലസ്തീൻ പ്രശ്നവും ഇന്ത്യയുടെ നിലപാട് മാറ്റവും

ജനിച്ചുവളർന്ന ഫലസ്തീൻ നാട്ടിൽ സമാധാനത്തോടെ ജീവിച്ചിരുന്ന ജനങ്ങളെ ആട്ടിയോടിച്ച് അധിനിവേശം നടത്തിയവരാണ് ഇസ്രയേലികൾ അഥവാ സയണിസ്റ്റ് ജൂതന്മാർ. ഫലസ്തീനികളുടെ കൂടെ നിൽക്കുക എന്നത് തികച്ചും മനുഷ്യത്വപരമായ നിലപാടാണ്. ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽക്കേ ഇന്ത്യ മർദിതരായ ഫലസ്തീനികളുടെ പക്ഷത്തായിരുന്നു. എന്നാൽ ഇന്ന് ആ അവസ്ഥ മാറിയിരിക്കുന്നു. ഫലസ്തീൻ ജനതയോട് അനുഭാവമുള്ള വിദേശനയത്തിൽനിന്ന് ഇന്ത്യ പാടെ വ്യതിചലിച്ചിരിക്കുന്നു.



# ക്വുർആനും പൂർവ വേദങ്ങളും മിഷണറി സാഹിത്യങ്ങളിലെ മിഥ്യകളും

വ്യത്യസ്ത ദേശങ്ങളിലേക്കും സമൂഹങ്ങളിലേക്കുമായി നിരവധി പ്രവാചകന്മാർ നിയോഗിതരായിട്ടുണ്ട്. അവരിൽ പലർക്കും വേദഗ്രന്ഥങ്ങൾ നൽകപ്പെട്ടിട്ടുമുണ്ട്. എന്നാൽ സ്വാർഥ താൽപര്യക്കാരുടെ കൈക്രിയകൾ നിമിത്തം പലതിലും പുതിയ ആശയങ്ങൾ കടത്തിക്കൂട്ടപ്പെടുകയും നിലവിലുള്ളത് നശിപ്പിക്കപ്പെടുകയും ചെയ്തു. മുൻ വേദഗ്രന്ഥങ്ങളിലെ മുഴുവൻ പ്രശ്നങ്ങളും പരിഹരിച്ചു കൊണ്ടും ലോകർക്ക് മുഴുവൻ മാർഗദർശനം നൽകിക്കൊണ്ടുമാണ് ക്വുർആൻ അവതീർണമായത്. എന്നാൽ ക്വുർആൻ പൂർണമല്ലെന്നും അത് മറ്റുള്ള വേദഗ്രന്ഥങ്ങളിലെ വികല ആശയങ്ങളെ സത്യപ്പെടുത്തുന്നുവെന്നുമുള്ള ധാരണ പരത്തുന്ന മിഷണറി രചനകൾ ദുരുപദിഷ്ടിതവും സത്യത്തിന് നിരക്കാത്തതമാണ്.

|| സ്രഷ്ടാവ് സർവവ്യാപിയോ?

|| ഇന്നും പ്രസക്തമാകുന്ന ഹമദാനീ ദർശനം

|| ജീവിത വിശുദ്ധി നിലനിർത്താൻ ചില മാർഗങ്ങൾ

## വിട പറയൂ അപശബ്ദങ്ങളോട്, കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# നേർപഥം
വാരിക

0128 / 2019 ജൂൺ 29 / ശവ്വാൽ 26 / പുസ്തകം 3 / ലക്കം / 26




# ക്വുർആനും പൂർവ വേദങ്ങളും മിഷണറി സാഹിത്യങ്ങളിലെ മിഥ്യകളും


ഉസ്മാൻ പാലക്കാഴി / 10

**മുഖമൊഴി**

ഫലസ്തീൻ പ്രശ്നവും ഇന്ത്യയുടെ നിലപാട് മാറ്റവും / 05
എഡിറ്റർ

**ബാലപഥം**

മഴക്കാല കാഴ്ചകൾ / 19
അബൂഫായിദ

**കവിത**

റസൂൽ / 18
ആർ. കെ. ശ്രീകുമാർ പൂജപ്പുര

**ക്വുർആൻ ദർശനം**

ക്വിയാമ (ഉയിർത്തെഴുന്നേൽപ്) / 23
അബൂറാഷിദ

**കാഴ്ച**

ശാപവാക്കുകൾ ഏറ്റുവാങ്ങുന്ന ഡ്രൈവർമാർ / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**

മദീനയിലെ ചില പ്രധാന സംഭവങ്ങൾ / 06
ഫദ്‌ലുൽ ഹഖ് ഉമരി

ജീവിതവിശുദ്ധിക്ക് ചില മാർഗങ്ങൾ / 16
ടി.കെ.ത്വൽഹത്ത് സ്വലാഹി

സ്രഷ്ടാവ് സർവവ്യാപിയോ? / 20
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

സൽമാനുൽ ഫാരിസിയുടെ ആത്മകഥ / 27
അബ്ദുൽ ജബ്ബാർ അബ്ദുല്ല

ഇന്നും പ്രസക്തമാകുന്ന ഹമദാനീ ദർശനം / 30
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു




### പ്രബോധകന്റെ മനസ്സ്

“വെള്ളിയാഴ്ച പത്തനംതിട്ടയിൽ പോകണം. അവിടെയുള്ള ഒരു പുതിയ ക്ലയന്റിനെ കണ്ട് സംസാരിക്കാനുണ്ട്' ബുധനാഴ്ച ഓഫീസിൽ നിന്നും ലഭിച്ച മെസ്സേജ് ആണിത്.

ആവശ്യമുള്ള ഡോക്യുമെന്റ്സ് എല്ലാം എടുത്ത് നേരത്തെ തന്നെ പുറപ്പെട്ടു. ജുമുഅക്ക് മുമ്പ് പണികൾ തീർത്ത് പെട്ടെന്ന് തിരിക്കണം എന്ന ചിന്തയാണ് മനസ്സിൽ. ബസ് സ്റ്റേഷനിൽ ഇറങ്ങി പോകാനുള്ള സ്ഥലം അന്വേഷിച്ചു. അവിടെ നിന്ന് നടക്കാനുള്ള ദൂരം മാത്രമേയുള്ളൂ.

ക്ലയന്റിനെ കണ്ട് സംസാരിച്ച് ജുമുഅക്ക് മുമ്പ് പണികൾ തീർത്ത് അടുത്തുള്ള പള്ളി ലക്ഷ്യമാക്കി നടന്നു. പള്ളിയിൽ നാലാമത്തെയോ അഞ്ചാമത്തെയോ സ്വഫ്ഫിലാണ് സ്ഥലം ലഭിച്ചത്. ബാങ്കിനെ പ്രതീക്ഷിച്ച് ഇരിക്കുമ്പോൾ പിന്നിൽ നിന്ന് ക്വുർആൻ പാരായണം ചെയ്ത ശേഷം അത് വെക്കാറുള്ള സ്ഥലത്ത് തിരിച്ചുവെക്കാൻ മുന്നിലേക്ക് പോകുന്ന ഒരു ചെറുപ്പക്കാരനെ കണ്ടു. ക്വുർആൻ പിടിച്ച ആ വലതു കൈയിൽ കെട്ടിയിരുന്ന കറുത്ത ചരട് മാനസികമായി എന്നെ അസ്വസ്ഥനാക്കി. അവൻ ഓതിയ ക്വുർആനിലെ ആശയം അവന് ലഭിച്ചിട്ടില്ല എന്നതിന്റെ തെളിവാണ് ആ ചരട് എന്ന് വ്യക്തമായി. ജുമുഅ നമസ്കാരം കഴിഞ്ഞാൽ അവനോട് സംസാരിക്കണം എന്ന് ആഗ്രഹിച്ചു.

നമസ്കാരം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ദീർഘദൂര യാത്രയെക്കുറിച്ച് മാത്രമായിരുന്നു എന്റെ ചിന്ത. അതുകൊണ്ട് ആ സഹോദരനെ കാത്തുനിന്നില്ല. മനസ്സിൽ യാത്രയെക്കുറിച്ച് പിശാച് സൃഷ്ടിച്ച വസ്വാസിന് ഞാൻ അടിമപ്പെട്ടു എന്നതാണ് സത്യം.

ഒരു തിന്മ കണ്ടിട്ട് അതിന്റെ ഗൗരവം ആ സഹോദരനോട് പറയാതെ പോയ എന്റെ പ്രവൃത്തി മാനസികമായി എന്നിൽ സങ്കടം സൃഷ്ടിച്ചു. ഒരു അവസരം കൂടി ലഭിച്ചെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ച് പ്രാർഥിച്ചു. കമ്പനിയുടെ ആവശ്യത്തിന് പോയതാണ്. അതുകൊണ്ട് തന്നെ ഇനിയും പോകാൻ കമ്പനി പറയണം. അത് വെള്ളിയാഴ്ചയാവണം. ജുമുഅക്ക് ആ പള്ളിയിൽ തന്നെ എത്തണം. കഴിഞ്ഞ ആഴ്ച നടന്ന പോലെ എല്ലാം നടക്കണം... ഞാൻ പ്രാർഥിച്ചു.

രണ്ട് ദിവസങ്ങൾക്ക് ശേഷം കമ്പനിയിൽ നിന്ന് നിർദേശം ലഭിച്ചു. ‘വെള്ളിയാഴ്ച ഒരിക്കൽ കൂടി ആ ക്ലയന്റിനെ കാണണം.’ അൽഹംദുലില്ലാഹ്, അല്ലാഹുവിനെ സ്തുതിച്ചു.

ജുമുഅക്ക് മുമ്പ് പണികൾ തീർത്ത് പള്ളിയിൽ എത്തി. എന്റെ മിഴികൾ അന്വേഷിച്ചത് ആ ചെറുപ്പക്കാരനെയായിരുന്നു. കഴിഞ്ഞ തവണ സംഭവിച്ച പോലെ ഇത്തവണയും സംഭവിച്ചു. നമസ്കാരശേഷം ആ ചെറുപ്പക്കാരനെ കണ്ട് സംസാരിച്ചു. ഞാൻ മനസ്സിലാക്കിയ സത്യം പറഞ്ഞുകൊടുത്തു. ആദ്യമായി ലഭിച്ച ആ അറിവിനെ ആ സഹോദരൻ പൂർണമായി സ്വീകരിച്ചു. കൈയിലെ ആ കറുത്ത ചരട് അവിടെ വെച്ച് തന്നെ പൊട്ടിച്ചു കളഞ്ഞു. അൽഹംദുലില്ലാഹ്... സന്തോഷാതിരേകത്താൽ റബ്ബിനെ സ്തുതിച്ച് ഞാൻ യാത്ര തിരിച്ചു.”

ഒരു സഹോദരന്റെ അനുഭവക്കുറിപ്പാണിത്.

ഒരു പ്രബോധകന്റെ മനസ്സ് അസ്വസ്ഥമാകുന്നത് ഇങ്ങനെയാണ്. നന്മ അറിയിക്കാനുള്ള താൽപര്യവും അതുമൂലം റബ്ബിൽ നിന്ന് ലഭിക്കുന്ന തൃപ്തിയും മാത്രമാണ് അവർ ലക്ഷ്യമാക്കുന്നത്. പ്രവാചകന്മാർ പറഞ്ഞ പോലെ: ‘ഞങ്ങൾ നിങ്ങളിൽ നിന്ന് യാതൊരു പ്രതിഫലവും ആഗ്രഹിക്കുന്നില്ല, അല്ലാഹുവിന്റെ തൃപ്തി അല്ലാതെ.’

**-മുഹമ്മദ് ശമീൽ**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# ഫലസ്തീൻ പ്രശ്നവും ഇന്ത്യയുടെ നിലപാട് മാറ്റവും

ജനിച്ചുവളർന്ന ഫലസ്തീൻ നാട്ടിൽ സമാധാനത്തോടെ ജീവിച്ചിരുന്ന ജനങ്ങളെ ആട്ടിയോടിച്ച് അധിനിവേശം നടത്തിയവരാണ് ഇസ്രയേലികൾ അഥവാ സയണിസ്റ്റ് ജൂതന്മാർ. അധിനിവേശം നടത്തിയവരെ ആട്ടിയോടിക്കേണ്ടതിനു പകരം അവർക്ക് ഒത്താശ ചെയ്തുകൊടുക്കുകയാണ് അന്ന് ഐക്യരാഷ്ട്ര സഭ ചെയ്തത്! 1948ൽ ഫലസ്തീൻ പ്രദേശങ്ങൾ രണ്ടായി പകുത്ത് ഇസ്രയേൽ, ഫലസ്തീൻ എന്നീ രാഷ്ട്രങ്ങൾ രൂപീകരിക്കുകയാണ് ഐക്യരാഷ്ട്ര സഭ ചെയ്തത്.

1948 മെയ് 15ന് ഇസ്രയേലും അറബ് രാഷ്ട്രങ്ങളും തമ്മിലുണ്ടായ ഏറ്റുമുട്ടലിനിടെ ഐക്യരാഷ്ട്ര സഭ നിർണയിച്ച അതിർത്തി ഇസ്രയേൽ വർധിപ്പിച്ചു. 1967ൽ ഗാസയും വെസ്റ്റ് ബാങ്കും ഗോലാൻ കുന്നുകളും ഇസ്രയേൽ പിടിച്ചെടുത്തു. ജോർദാന്റെ ഭാഗമായിരുന്ന കിഴക്കൻ ജറുസലേമും അവർ കയ്യടക്കി. അതോടെ ഇസ്രയേലിനകത്തെ ഫലസ്തീനികൾ, ഇസ്രയേൽ കീഴടക്കിയ സ്ഥലത്തെ ഫലസ്തീനികൾ, ഇസ്രയേൽ കീഴടക്കി ഇസ്രയേലി നിയമങ്ങൾ ബാധകമാക്കിയ സ്ഥലത്തെ (കിഴക്കൻ ജറുസലേം) ഫലസ്തീനികൾ, ഇസ്രയേലിന്റെ മേൽനോട്ടത്തിൽ ഫലസ്തീൻകാർക്ക് പരിമിതമായ സ്വയംഭരണാവകാശം നൽകിയ (ഗാസ, ജെറിക്കോ) പ്രദേശത്തെ ഫലസ്തീനികൾ എന്നിങ്ങനെ നാലുതരം പൗരന്മാരായി ഫലസ്തീനികൾ മാറി.

ഇസ്രയേലിന്റെ കോളനിവാഴ്ച ആരംഭിച്ചതു മുതൽ തുടങ്ങിയതാണ് ഫലസ്തീനികളുടെ ചെറുത്തുനിൽപ്. ജനിച്ചുവളർന്ന നാടിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതുന്ന ഫലസ്തീനികളെ അക്രമികളായും അധിനിവേശം നടത്തിയ അക്രമികളായ ഇസ്രയേലികളെ സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നവരുമായി മാത്രമെ എന്നും പാശ്ചാത്യമാധ്യമങ്ങളും രാഷ്ട്രങ്ങളും ചിത്രീകരിച്ചിട്ടുള്ളൂ.

ഫലസ്തീനികളെ ഉന്മൂലനാശം വരുത്തി മുഴുവൻ പ്രദേശവും തങ്ങളുടേതാക്കുക എന്ന ലക്ഷ്യമാണ് ഇസ്രയേലിനുള്ളത്. ഫലസ്തീനി ബാലന്മാരെ തിരഞ്ഞുപിടിച്ച് വധിക്കുന്നതിനു പിന്നിൽ ഈയൊരു ലക്ഷ്യമാണുള്ളത്. ഇസ്രയേൽ നിരന്തരം വ്യോമാക്രമണം നടത്തി ഫലസ്തീൻ ജനങ്ങളെ കൊന്നൊടുക്കുകയും അവരുടെ ഭവനങ്ങൾ തകർക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഫലസ്തീനികളുടെ കൂടെ നിൽക്കുക എന്നത് തികച്ചും മനുഷ്യത്വപരമായ നിലപാടാണ്. ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽക്കേ ഇന്ത്യ മർദിതരായ ഫലസ്തീനികളുടെ പക്ഷത്തായിരുന്നു. എന്നാൽ ഇന്ന് ആ അവസ്ഥ മാറിയിരിക്കുന്നു. മർദകരായ ഇസ്രയേലിനെ പല കാര്യങ്ങൾക്കും ആശ്രയിക്കാനും സഹായിക്കാനും ഇന്ന് ഇന്ത്യ തയ്യാറാണ്! ഫലസ്തീൻ ജനതയോട് അനുഭാവമുള്ള വിദേശനയത്തിൽനിന്ന് ഇന്ത്യ പാടെ വ്യതിചലിച്ചിരിക്കുന്നു. ഇന്ന് ഇന്ത്യയുടെ ഏറ്റവും വലിയ ചങ്ങാതി ഇസ്റായേൽ ആണ് എന്നുതന്നെ പറയാം. ഐക്യരാഷ്ട്ര സഭയുടെ സാമ്പത്തിക, സാമൂഹിക കാര്യ സമിതിയിൽ ഇക്കഴിഞ്ഞ ജൂൺ 6ന് നടന്ന ഒരു വോട്ടെടുപ്പിൽ ഇന്ത്യ ഇസ്രായേലിന് വോട്ട് ചെയ്തുകൊണ്ട് ഫലസ്തീൻ ജനതയോട് രാജ്യം ഇക്കാലംവരെയും നിലനിർത്തിപ്പോന്ന അനുഭാവപൂർണമായ നിലപാടിൽ നിന്ന് പിൻമാറിയിരിക്കുന്നു എന്ന് പരസ്യമായി വ്യക്തമാക്കിയിരിക്കുകയാണ്. സാർവദേശീയ വേദികളിൽ ഇന്ത്യയുടെ എക്കാലത്തെയും സുഹൃത്തുക്കളായ ശക്തികളെല്ലാം ഇന്നും ഫലസ്തീനിന്റെ പക്ഷത്താണ് നിലകൊള്ളുന്നത്. അതിനാൽതന്നെ ഇത് ഭാവിയിൽ ഇന്ത്യയുടെ ദേശീയതാൽപര്യങ്ങളെ ഏതു വിധത്തിൽ ബാധിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com





# മദീനയിലെ ചില പ്രധാന സംഭവങ്ങൾ

### അബ്ദുല്ലാഹിബ്നു സലാമിന്റെ ഇസ്‌ലാമാശ്ലേഷണം

ജൂത പണ്ഡിതന്മാരിൽ പ്രധാനിയായിരുന്നു അബ്ദുല്ലാഹിബ്നു സലാം. നബിﷺ മദീനയിൽ എത്തിയപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണ് എന്ന് അബ്ദുല്ലാഹിബ്നു സലാമിന് ബോധ്യപ്പെടുന്ന സാഹചര്യമുണ്ടാവുകയും അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. അനസ്﵁ പറയുന്നു: "നബിﷺ മദീനയിൽ എത്തിയ വിവരം അബ്ദുല്ലാഹിബ്നു സലാം അറിഞ്ഞപ്പോൾ അദ്ദേഹം നബിയുടെ അടുക്കലേക്ക് ചെന്നു. എന്നിട്ട് പറഞ്ഞു: 'ഞാൻ താങ്കളോട് മൂന്ന് ചോദ്യങ്ങൾ ചോദിക്കാൻ ഉദ്ദേശിക്കുന്നു. ഒരു നബിക്കല്ലാതെ അതിന്റെ ഉത്തരങ്ങൾ അറിയുകയില്ല.' എന്നിട്ട് ചോദിച്ചു: 'അന്ത്യദിനത്തിന്റെ ഒന്നാമത്തെ അടയാളം എന്താണ്? സ്വർഗക്കാർ ആദ്യമായി കഴിക്കുന്ന ഭക്ഷണം എന്താണ്? ഒരു കുഞ്ഞിന് ഉമ്മയോടും ഉപ്പയോടും സാദൃശ്യം ഉണ്ടാകുന്നത് എപ്പോഴാണ്?' അപ്പോൾ നബിﷺ പറഞ്ഞു: 'ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കുറച്ചു മുമ്പ് ജിബിരീൽ എന്നെ അറിയിച്ചു.' അപ്പോൾ അബ്ദുല്ല പറഞ്ഞു: 'ജിബ്‌രീൽ മലക്കു

കളിലെ കൂട്ടത്തിൽ ജൂതന്മാരുടെ ശത്രുവാണ്.' നബിﷺ പറഞ്ഞു: 'അന്ത്യദിനത്തിന്റെ ഒന്നാമത്തെ അടയാളം കിഴക്കുനിന്നും പടിഞ്ഞാറോട്ട് ജനങ്ങളെ ഒരുമിച്ചുകൂട്ടുന്ന ഒരു തീയാണ്. സ്വർഗക്കാരുടെ ഒന്നാമത്തെ ഭക്ഷണം മത്സ്യത്തിന്റെ കരളാണ്. ഒരു കുഞ്ഞിന് പുരുഷനോട് സാദൃശ്യം ഉണ്ടാകുവാൻ കാരണം പുരുഷന്റെ വെള്ളം സ്ത്രീയെ അതി ജയിക്കുമ്പോഴാണ്. എന്നാൽ സ്ത്രീയുടെ വെള്ളം അതിജയിച്ചാൽ കുഞ്ഞിന്റെ സാദൃശ്യം ഉമ്മയോടായിരിക്കും.' ഇത് കേട്ട മാത്രയിൽ അബ്ദുല്ലാഹിബ്നു സലാം പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ പ്രവാചകനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ജൂതന്മാർ വല്ലാതെ കളവ് പറയുന്ന സമൂഹമാണ്. ഞാൻ മുസ്‌ലിം ആയിരിക്കുന്നു എന്ന വിവരം അവർ അറിഞ്ഞാൽ താങ്കൾക്ക് മുമ്പിൽ വെച്ചു കൊണ്ട് അവർ എന്നെക്കുറിച്ച് ആരോപണങ്ങൾ പറയും.' അങ്ങനെ ജൂതന്മാർ വന്നു. അബ്ദുല്ലؓ വീട്ടിലേക്ക് പ്രവേശിച്ചു. നബിﷺ ചോദിച്ചു: 'ആരാണ് നിങ്ങളിൽ അബ്ദുല്ലാഹിബ്നു സലാം?' അപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളിലെ ഏറ്റവും വലിയ പണ്ഡിതനാണ്. പണ്ഡിതന്റെ മകനാണ്. ഞങ്ങളിൽ ഏറ്റവും നല്ലവനാണ്. ഏറ്റവും നല്ലവന്റെ മകനാണ്.' അപ്പോൾ നബിﷺ ചോദിച്ചു: 'അബ്ദുല്ല ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടെങ്കിൽ നിങ്ങളുടെ അഭിപ്രായം എന്താണ്?' അവർ പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തെ അതിൽ നിന്നും കാത്തു രക്ഷിക്കട്ടെ.' ഈ സന്ദർഭത്തിൽ അബ്ദുല്ലؓ അവരിലേക്ക് ഇറങ്ങിവന്നു. എന്നിട്ട് പറഞ്ഞു: 'അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ പ്രവാചകനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' ഇത് കേട്ടമാത്രയിൽ അവർ ഒന്നടങ്കം പറഞ്ഞു: 'അബ്ദുല്ലാഹിബ്നു സലാം ഞങ്ങളിൽ ഏറ്റവും മോശക്കാരനാണ്. ഏറ്റവും മോശക്കാരന്റെ മകനാണ്.' അവർ അദ്ദേഹത്തെക്കുറിച്ച് പല ആരോപണങ്ങളും പറയാൻ തുടങ്ങി" (ബുഖാരി: 3329).

സഅ്ദ്ؓ പറയുന്നു: "ജീവനോടുകൂടി ഭൂമിയിലൂടെ നടക്കുന്ന ഒരാളെ സംബന്ധിച്ച്, അദ്ദേഹം സ്വർഗത്തിലാണെന്ന് അബ്ദുല്ലാഹിബ്നു സലാമിനെക്കുറിച്ചല്ലാതെ നബിﷺ പറയുന്നതായി ഞാൻ കേട്ടിട്ടില്ല" (ബുഖാരി: 3812, മുസ്‌ലിം: 2483).

### ഉസ്മാൻ ഇബ്നു അഫ്ഫാൻؓ റൂമാ കിണർ വാങ്ങുന്നു

ഉസ്മാൻؓവിൽ നിന്നും നിവേദനം; നബിﷺ പറഞ്ഞു: "വല്ലവനും റൂമാ കിണർ കുഴിച്ചാൽ അവന് സ്വർഗമുണ്ട്." ഉസ്മാൻؓ പറയുന്നു: "അങ്ങനെ ഞാനാണത് കുഴിച്ചത്" (ബുഖാരി 2778).

ഇവിടെ കിണർ കുഴിക്കുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു പുതിയ കിണർ ഉണ്ടാക്കുക

**മുഹമ്മദ് നബിﷺ മിഅ്റാജ് പോയ സന്ദർഭത്തിൽ നിർബന്ധമാക്കപ്പെട്ട അഞ്ചുനേരത്തെ നമസ്കാരം രണ്ട് റക്അത്ത് വീതമായിരുന്നു. മഗ്‌രിബ് മാത്രമാണ് മൂന്ന് റക്അത്ത് ഉണ്ടായിരുന്നത്. മദീനയിൽ എത്തിയതിനു ശേഷം സ്വുബ്ഹി അല്ലാത്ത മറ്റുള്ള നമസ്കാരങ്ങളെല്ലാം രണ്ടിൽ നിന്ന് നാലിലേക്ക് വർധിപ്പിച്ചു. മഗ്‌രിബ് മാത്രം മൂന്ന് റക്അത്തിൽ പരിമിതപ്പെടുത്തുകയും ചെയ്തു. എന്നാൽ നാല് റക്അത്തായി നിശ്ചയിക്കപ്പെട്ട ഈ നമസ്കാരങ്ങൾ യാത്രക്കാർക്ക് രണ്ട് റക്അത്തായി നിർവഹിക്കുവാൻ അനുമതി നൽകുകയും ചെയ്തു.**

എന്നതല്ല. മദീനയിലെത്തിയ മുസ്‌ലിംകൾക്ക് രുചികരമായ വെള്ളം കുടിക്കാൻ നിർവാഹമുണ്ടായിരുന്നില്ല. ഒരു ജൂതന്റെ കൈവശത്തിലുള്ള കിണർ മാത്രമായിരുന്നു അഭയമായി അവർക്കുണ്ടായിരുന്നത്. അങ്ങനെ നബിﷺ സ്വഹാബികൾക്കിടയിൽ ഇപ്രകാരം പ്രഖ്യാപിച്ചു: "ആരാണ് ജൂതനിൽ നിന്നും റൂമാ കിണർ വാങ്ങി മുസ്‌ലിംകൾക്ക് ദാനം ചെയ്യുന്നത് അവന് സ്വർഗമുണ്ട്." അത് കേട്ടപ്പോൾ ഉസ്മാൻؓ അതിനു വേണ്ടി തയ്യാറാവുകയും തന്റെ പണം കൊടുത്ത് ആ കിണർ വാങ്ങി മുസ്‌ലിംകൾക്കായി ദാനം ചെയ്യുകയും ചെയ്തു. ഇതിനെക്കുറിച്ചാണ് കിണർ കുഴിച്ചു എന്ന പരാമർശം ഹദീസിൽ വന്നിട്ടുള്ളത്.

### നമസ്കാരത്തിലെ വർധനവ്

മുഹമ്മദ് നബിﷺ മിഅ്റാജ് പോയ സന്ദർഭത്തിൽ നിർബന്ധമാക്കപ്പെട്ട അഞ്ചുനേരത്തെ നമസ്കാരം രണ്ട് റക്അത്ത് വീതമായിരുന്നു. മഗ്‌രിബ് മാത്രമാണ് മൂന്ന് റക്അത്ത് ഉണ്ടായിരുന്നത്. മദീനയിൽ എത്തിയതിനു ശേഷം സ്വുബ്ഹി അല്ലാത്ത മറ്റുള്ള നമസ്കാരങ്ങളെല്ലാം രണ്ടിൽ നിന്ന് നാലിലേക്ക് വർധിപ്പിച്ചു. മഗ്‌രിബ് മാത്രം മൂന്ന് റക്അത്തിൽ പരിമിതപ്പെടുത്തുകയും ചെയ്തു. എന്നാൽ നാല് റക്അത്തായി നിശ്ചയിക്കപ്പെട്ട ഈ നമസ്കാരങ്ങൾ യാത്രക്കാർക്ക് രണ്ട് റക്അത്തായി നിർവഹിക്കുവാൻ അനുമതി നൽകുകയും ചെയ്തു. (അഹ്മദ്: 26338).

സ്വുബ്ഹി നമസ്കാരം രണ്ട് റക്അ

ത്തിൽ തന്നെ പരിമിതപ്പെടുത്തിയത് അതിൽ സുദീർഘമായി ഓതുന്നതിനു വേണ്ടിയാണ് എന്നും മഗ്‌രിബ് നമസ്കാരം മൂന്നിൽ പരിമിതപ്പെടുത്തിയത് അത് പകലിലെ വിത്ർ ആയതിനാലാണ് എന്നും ഇബ്നു ഹിബ്ബാനിന്റെ ഹദീസിൽ (2738) കാണുവാൻ സാധിക്കും.

**നബിﷺയുടെ ഒരു ഭയം**

നബിﷺയുടെ അനുചരന്മാരെല്ലാം മസ്ജിദുന്നബവിയുടെ സമീപത്തേക്ക് താമസം മാറ്റുന്നതിനാൽ മദീനയുടെ ചുറ്റുമുള്ള പ്രദേശങ്ങൾ ആളുകളിൽ നിന്നും ഒഴിവായി കിടക്കുമോ എന്നുള്ള പേടി നബിക്കുണ്ടായി. ബനൂസലമക്കാർ മദീനയുടെ ദൂര പ്രദേശത്തായിരുന്നു താമസിച്ചിരുന്നത്. അവർ മസ്ജിദുന്നബവിയുടെ അടുത്തേക്ക് താമസം മാറ്റുവാൻ ആഗ്രഹിച്ചപ്പോൾ നബിﷺ അതിൽ നിന്നും വിലക്കുകയും നിങ്ങൾ ദൂരെനിന്ന് നടന്നുവന്നാൽ അത്രയും പ്രതിഫലം നിങ്ങൾക്കുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു.

ജാബിർ ബിൻ അബ്ദുല്ല‍ؓ പറയുന്നു: "ഞങ്ങളുടെ വീട് മദീനയിൽ നിന്നും അൽപം അകലെയായിരുന്നു. ഞങ്ങൾ ഞങ്ങളുടെ വീടുകൾ വിൽക്കുവാനും പള്ളിയുടെ അടുത്തേക്ക് താമസം മാറ്റുവാനും ഉദ്ദേശിച്ചു. അപ്പോൾ നബിﷺ ഞങ്ങളെ അതിൽനിന്നും വിലക്കി. എന്നിട്ട് ഞങ്ങളോട് പറഞ്ഞു: 'നിങ്ങൾക്ക് ഓരോ കാൽവെപ്പിനും ഓരോ സ്ഥാനം ഉയർത്തപ്പെടുന്നതാണ്" (മുസ്‌ലിം: 664).

ബനൂസലമക്കാരോട് നബിﷺ ഇപ്രകാരം പറയുകയുണ്ടായി: "അല്ലയോ ബനൂസലമക്കാരേ, നിങ്ങൾ നിങ്ങളുടെ വീടുകളിൽ തന്നെ താമസിക്കുക. നിങ്ങളുടെ കാലടികൾ നന്മയായി രേഖപ്പെടുത്തപ്പെടും' -ഇത് രണ്ടു തവണ ആവർത്തിച്ചു" (ബുഖാരി: 656, മുസ്‌ലിം: 665).

വീട്ടിൽനിന്നും പള്ളിയിലേക്കുള്ള നടത്തം പ്രതിഫലമായി നിങ്ങൾക്ക് രേഖപ്പെടുത്തപ്പെടും എന്നും അതുകൊണ്ട് ഇപ്പോൾ താമസിക്കുന്ന സ്ഥലത്തു തന്നെ നിങ്ങൾ താമസിക്കുക എന്നുമായിരുന്നു ആ പറഞ്ഞതിന്റെ അർഥം.

**നബിﷺയിൽ വിശ്വസിച്ച ആളുകൾക്കെതിരിൽ ക്വുറൈശികൾ വലിയ ഫിത്നകൾ ഉണ്ടാക്കിയിരുന്നു. മതം കൊണ്ട് പരീക്ഷിക്കപ്പെട്ടവരും ശരീരം കൊണ്ട് ശിക്ഷിക്കപ്പെടുന്ന വരുമായിരുന്നു അവർ. അതുകൊണ്ട് തന്നെ തന്നെ സ്വന്തം രാജ്യത്ത് നിന്നും മതം സംരക്ഷിക്കുവാൻ അവർ ഓടി രക്ഷപ്പെട്ടു. അങ്ങനെയാണ് ചില സ്വഹാബിമാർ അബിസീനിയയിലേക്കും പിന്നീട് മദീനയിലേക്കും ഹിജ്റ പോയത്. ക്വുറൈശികൾ അല്ലാഹുവിന്റെ കൽപനയെ ധിക്കരിക്കുകയും അല്ലാഹുവിന്റെ മതത്തെ അവഗണിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും പ്രവാചകനെ നിഷേധിക്കുകയും ആ പ്രവാചകനെ പിൻപറ്റിയ ആളുകളെ ദ്രോഹിക്കുകയും ചെയ്തപ്പോൾ അവരുമായി യുദ്ധത്തിനുള്ള കൽപന അല്ലാഹു നൽകുകയാണ്. മുസ്‌ലിംകളിൽ നിന്ന് പീഡിപ്പിക്കപ്പെടുന്ന ആളുകൾക്കുള്ള സുരക്ഷയുടെ മാർഗം കൂടിയായിരുന്നു ഇത്.**

മദീനയുടെ ചുറ്റുവട്ടത്തുമുള്ള എല്ലാ ആളുകളും മസ്ജിദുന്നബവിയുടെ അടുത്തേക്ക് താമസം മാറ്റിക്കഴിഞ്ഞാൽ മദീനയുടെ മറ്റുഭാഗങ്ങൾ ഒഴിഞ്ഞു കിടക്കുകയും ശത്രുക്കളുടെയും മറ്റും പ്രവേശനത്തിനും നുഴഞ്ഞുകയറ്റത്തിനും കാരണമായിത്തീരും എന്നുമുള്ള ഭയമായിരിക്കാം ഈ നിലപാട് കൈക്കൊള്ളാൻ നബിﷺയെ പ്രേരിപ്പിച്ചത്.

**യുദ്ധത്തിനുള്ള അനുമതി ലഭിക്കുന്നു**

നാല് ഘട്ടങ്ങളിലായിക്കൊണ്ടാണ് അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിന്റെ മതനിയമം ഇറങ്ങുന്നത്.

**ഒന്നാം ഘട്ടം:** ഇസ്‌ലാമിന്റെ ആരംഭ കാലത്ത് മക്കയിൽ ക്ഷമയോടു കൂടി നിലകൊള്ളുവാനാണ് അല്ലാഹു വിശ്വാസികളോട് കൽപിച്ചത്. മുശ്‌രിക്കുകളിൽനിന്നുണ്ടാകുന്ന പ്രയാസങ്ങളിൽ ക്ഷമിക്കുവാനും അവർക്ക് മാപ്പ് കൊടുക്കുവാനുമുള്ള കൽപനയാണ് അല്ലാഹു നൽകിയത്. നമസ്കാരവും സകാതും എല്ലാം നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകുവാനുള്ള നിർദേശവും അല്ലാഹു നൽകി. മക്കാ രാജ്യത്തായിരിക്കെ എണ്ണം കൊണ്ടും സായുധശക്തി കൊണ്ടും അവർ വളരെ ദുർബലമായിരുന്നു. ശത്രുക്കളാകട്ടെ നേരെ മറിച്ചും. അല്ലാഹു പറയുന്നു:

"(യുദ്ധത്തിനുപോകാതെ) നിങ്ങൾ കൈകൾ അടക്കിവെക്കുകയും പ്രാർഥന മുറപോലെ നിർവഹിക്കുകയും സകാത് നൽകുകയും ചെയ്യുവിൻ എന്ന് നിർദേശിക്കപ്പെട്ടിരുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ?..." (അന്നിസാഅ്: 77).

മുശ്‌രിക്കുകളുടെ കുതന്ത്രങ്ങളിലും പ്രയാസപ്പെടുത്തലുകളിലും നബിﷺയും അനുയായികളും ക്ഷമ കൈക്കൊണ്ട് തിരിച്ചടിക്കാൻ തുനിയാതെ അല്ലാഹു

വിന്റെ മാർഗത്തിലേക്കുള്ള ദഅ്വത്തിൽ ഉറച്ചു നിന്ന് മുന്നോട്ടു നീങ്ങുകയായിരുന്നു. അല്ലാഹുവിന്റെ കൽപന പ്രകാരം തന്നെയായിരുന്നു ഇത്:

“അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ച് കൊള്ളുക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക. പരിഹാസക്കാരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു” (അൽഹിജ്ർ: 94,95).

വേദക്കാർക്കും സത്യനിഷേധികൾക്കും മാപ്പ് കൊടുക്കുവാനും വിട്ടുവീഴ്ച ചെയ്യുവാനും അല്ലാഹു നബിﷺയോട് കൽപിക്കുകയും ചെയ്തു:

“നിങ്ങൾ സത്യവിശ്വാസം സ്വീകരിച്ച ശേഷം നിങ്ങളെ അവിശ്വാസികളാക്കി മാറ്റിയെടുക്കുവാനാണ് വേദക്കാരിൽ മിക്കവരും ആഗ്രഹിക്കുന്നത്. സത്യം വ്യക്തമായി ബോധ്യപ്പെട്ടിട്ടും സ്വാർഥപരമായ അസൂയ നിമിത്തമാണ് (അവരാ നിലപാട് സ്വീകരിക്കുന്നത്). എന്നാൽ (അവരുടെ കാര്യത്തിൽ) അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുക. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ” (അൽബക്വറ: 109).

**അല്ലാഹുവിന്റെ ഈ കൽപന നബിﷺയും അനുയായികളും കൃത്യമായി പാലിച്ചു**

“തീർച്ചയായും നിങ്ങളുടെ സ്വത്തുകളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നും ബഹുദൈവാരാധകരിൽ നിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടി വരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു” (ആലു ഇംറാൻ: 186).

ഇബ്നു അബ്ബാസ്ؓ പറയുന്നു: “അബ്ദുർറഹ്മാൻ ഇബ്നു ഔഫും അദ്ദേഹത്തിന്റെ ചില കൂട്ടുകാരും ചേർന്ന് നബിﷺയുടെ അടുക്കൽ വന്നുകൊണ്ട് പറഞ്ഞു: ‘അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങൾ മുശ്രിക്കുകളായിരുന്ന കാലത്ത് വലിയ പ്രതാപത്തിലായിരുന്നു. എന്നാൽ ഞങ്ങൾ വിശ്വാസികളായപ്പോൾ നിന്ദ്യന്മാരായിത്തീർന്നിരിക്കുകയാണ്.’ അപ്പോൾ നബിﷺ പറഞ്ഞു: ‘മാപ്പ് കൊടുക്കുവാനാണ് ഇപ്പോൾ ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഈ ജനതയോട് നിങ്ങൾ യുദ്ധം ചെയ്യരുത്.’ പിന്നീട് അവർ മദീനയിലേക്ക് മാറിയപ്പോൾ യുദ്ധത്തിനുള്ള കൽപന അല്ലാഹു നൽകുകയും ചെയ്തു. ഈ സന്ദർഭത്തിലാണ് അല്ലാഹു ഈ സൂക്തം (അന്നിസാഅ്: 77) അവതരിപ്പിക്കുന്നത്” (ഹാകിം: 2377).

**രണ്ടാം ഘട്ടം:** നബിﷺയിൽ വിശ്വസിച്ച ആളുകൾക്കെതിരിൽ ക്വുറൈശികൾ വലിയ ഫിത്നകൾ ഉണ്ടാക്കിയിരുന്നു. മതം കൊണ്ട് പരീക്ഷിക്കപ്പെട്ടവരും ശരീരം കൊണ്ട് ശിക്ഷിക്കപ്പെടുന്ന വരുമായിരുന്നു അവർ. അതുകൊണ്ട് തന്നെ തന്നെ സ്വന്തം രാജ്യത്ത് നിന്നും മതം സംരക്ഷിക്കുവാൻ അവർ ഓടി രക്ഷപ്പെട്ടു. അങ്ങനെയാണ് ചില സ്വഹാബിമാർ അബിസീനിയയിലേക്കും പിന്നീട് മദീനയിലേക്കും ഹിജ്റ പോയത്. ക്വുറൈശികൾ അല്ലാഹുവിന്റെ കൽപനയെ ധിക്കരിക്കുകയും അല്ലാഹുവിന്റെ മതത്തെ അവഗണിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും പ്രവാചകനെ നിഷേധിക്കുകയും ആ പ്രവാചകനെ പിൻപറ്റിയ ആളുകളെ ദ്രോഹിക്കുകയും ചെയ്തപ്പോൾ അവരുമായി യുദ്ധത്തിനുള്ള കൽപന അല്ലാഹു നൽകുകയാണ്. മുസ്ലിംകളിൽ നിന്ന് പീഡിപ്പിക്കപ്പെടുന്ന ആളുകൾക്കുള്ള സുരക്ഷയുടെ മാർഗം കൂടിയായിരുന്നു ഇത്.

“യുദ്ധത്തിന്ന് ഇരയാകുന്നവർക്ക്, അവർ മർദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു. യാതൊരു ന്യായവും കൂടാതെ, ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റുചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയദേവാലയങ്ങളും യഹൂദദേവാലയങ്ങളും അല്ലാഹുവിന്റെ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മുസ്ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു. ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത് നൽകുകയും സദാചാരം സ്വീകരിക്കാൻ കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ അവർ (ആ മർദിതർ). കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിന്നുള്ളതാകുന്നു” (അൽഹജ്ജ്: 39-41).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി



# ക്വുർആനും പൂർവ വേദങ്ങളും മിഷണറി സാഹിത്യങ്ങളിലെ മിഥ്യകളും

**വ്യത്യസ്ത ദേശങ്ങളിലേക്കും സമൂഹങ്ങളിലേക്കുമായി നിരവധി പ്രവാചകന്മാർ നിയോഗിതരായിട്ടുണ്ട്. അവരിൽ പലർക്കും വേദഗ്രന്ഥങ്ങൾ നൽകപ്പെട്ടിട്ടുമുണ്ട്. എന്നാൽ സ്വാർഥ താൽപര്യക്കാരുടെ കൈക്രിയകൾ നിമിത്തം പലതിലും പുതിയ ആശയങ്ങൾ കടത്തിക്കൂട്ടപ്പെടുകയും നിലവിലുള്ളത് നശിപ്പിക്കപ്പെടുകയും ചെയ്തു. മുൻ വേദഗ്രന്ഥങ്ങളിലെ മുഴുവൻ പ്രശ്നങ്ങളും പരിഹരിച്ചു കൊണ്ടും ലോകർക്ക് മുഴുവൻ മാർഗദർശനം നൽകിക്കൊണ്ടുമാണ് ക്വുർആൻ അവതീർണമായത്. എന്നാൽ ക്വുർആൻ പൂർണമല്ലെന്നും അത് മറ്റുള്ള വേദഗ്രന്ഥങ്ങളിലെ വികല ആശയങ്ങളെ സത്യപ്പെടുത്തുന്നുവെന്നുമുള്ള ധാരണ പരത്തുന്ന മിഷണറി രചനകൾ ദുരുപദിഷ്ടിതവും സത്യത്തിന് നിരക്കാത്തതമാണ്.**

ഒരു ട്രെയിൻ യാത്രയിലായിരുന്നു. പാസഞ്ചർ ട്രെയിനാണ്. വലിയ തിരക്കൊന്നുമില്ല. ചൂടുള്ള കാപ്പി ആസ്വദിച്ച് കുടിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഒരു മധ്യവയസ്കൻ എല്ലാവർക്കും ലഘുലേഖ പോലെ എന്തോ വിതരണം ചെയ്തുകൊണ്ട് മുന്നിലെത്തിയത്. എനിക്കു നേരെയും നീട്ടി. ഞാനത് വാങ്ങി; രണ്ട് നോട്ടീസുകളും ഒരു ലഘുലേഖയും. അറബി ഭാഷയിൽ തന്നെ ക്വുർആൻ സൂക്തങ്ങൾ അടങ്ങിയ ലഘുലേഖ യാത്രക്കാരായ മുസ്ലിം സ്ത്രീകളും പുരുഷന്മാരും സാകൂതം വായിക്കുന്നു. ഇത്തരത്തിലുള്ള കുറെ ലഘുലേഖകളും ഗ്രന്ഥങ്ങളും കണ്ടും വായിച്ചും പരിചയമുള്ളതിനാൽ മാത്രം അത് ക്രിസ്ത്യൻ സാഹിത്യമാണെന്ന് മനസ്സിലായി.

അദ്ദേഹം കമ്പാർട്ട്മെന്റിലെ എല്ലാവർക്കും നോട്ടീസ് വിതരണം ചെയ്ത ശേഷം കുറച്ചപ്പുറമുള്ള ഒരു സീറ്റിൽ ചെന്നിരുന്നു. ഞാൻ എഴുന്നേറ്റ് അദ്ദേഹത്തിന്റെ സമീപം ചെന്നിരുന്നു. കൈകൊടുത്ത് പ

രിചയപ്പെട്ടു. സംസാരിക്കാൻ ഒരാളെ കിട്ടിയ ഉടൻ അയാൾ വാചാലനായി. യേശുവിൽ വിശ്വസിക്കേണ്ടതിന്റെ അനിവാര്യതയടക്കം കുറെ പറഞ്ഞുതന്നു. ബൈബിളിന്റെ ദൈവികത, ത്രിയേകത്വ സിദ്ധാന്തം, ആദിപാപം, ക്രൂശീകരണം തുടങ്ങിയ വിഷയങ്ങളിലുള്ള എന്റെ ചോദ്യങ്ങൾക്ക് അദ്ദേഹത്തിന് വ്യക്തമായ മറുപടിയുണ്ടായിരുന്നില്ല. 'ക്വുർആനിന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ തന്നെ ഞാൻ പറഞ്ഞതെല്ലാം നിങ്ങൾക്ക് മനസ്സിലാക്കാം' എന്നു പറഞ്ഞ് 'അൽനൂർ' എന്ന് പേരുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ പഴയ ഏതാനും കോപ്പികൾ തന്ന് അടുത്ത സ്റ്റോപ്പിൽ അദ്ദേഹം ഇറങ്ങി.

ഇന്ത്യ ഒരു മതനിരപേക്ഷ ജനാധിപത്യരാജ്യമാണ്. എല്ലാവർക്കും അവനവന് ഇഷ്ടമുള്ള മതം സ്വീകരിക്കുവാനും അതിന്റെ വിശ്വാസാചാരങ്ങൾ കൊണ്ടുനടക്കാനും അത് പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം നമ്മുടെ നാട്ടിലുണ്ട്. ആശയ സംവാദങ്ങൾ നടത്തുവാനും മാന്യമായി വിമർശിക്കുവാനും അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കുവാനും അനുവാദമുണ്ട്. ഈ സ്വാതന്ത്ര്യം നിലനിൽക്കുക തന്നെ വേണം. പരസ്പരം അറിയാനും അറിയിക്കാനും ശ്രമിക്കുന്നത് മനസ്സുകളെ തമ്മിൽ അടുപ്പിക്കാൻ കഴിയുന്ന പ്രവർത്തനമാണെന്നതിൽ സംശയമില്ല. അതിൽ അസഹിഷ്ണുത കാണിക്കുക എന്നത് കുടുസ്സായ ചിന്താഗതിയുടെ അടയാളമാണ്.


എന്നാൽ മനഃപൂർവം തെറ്റുധരിപ്പിക്കുകയും പ്രമാണങ്ങളെ വികലമാക്കി ചിത്രീകരിക്കുകയും ചെയ്യുക എന്നത് ശരിയല്ല. അത് സത്യസന്ധമായ പ്രവർത്തനമല്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

'അൽനൂർ' എന്ന പേരിൽ തൃശൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഒരു സ്വതന്ത്ര ക്രൈസ്തവ ത്രൈമാസികയായിരുന്നു അത്. മുസ്‌ലിം സമൂഹത്തിലേക്ക് ക്രൈസ്തവ ചിന്താഗതികൾ പ്രസരിപ്പിക്കുക, ഇസ്‌ലാമിന്റെ ആദർശത്തെയും മൂല്യങ്ങളെയും തങ്ങളാലാവും വിധത്തിൽ വികലമായി ചിത്രീകരിക്കുക തുടങ്ങിയവയാണ് അൽനൂറിന്റെ ലക്ഷ്യമെന്ന് അതിന്റെ പേജുകളിലൂടെ ഒന്ന് കണ്ണോടിച്ചപ്പോൾ തന്നെ ബോധ്യമായി.

ക്രൈസ്തവ സമൂഹത്തിന് അപരിചിതമായ ഒരു പേര് തിരഞ്ഞെടുക്കുകയും ആ പേരിൽ പുറത്തിറങ്ങുന്ന പ്രസിദ്ധീകരണം 'സ്വതന്ത്ര ക്രൈസ്തവ പ്രസിദ്ധീകരണ'മാണെന്ന് വാദിക്കുകയും ചെയ്യുന്നതിലെ ഉദ്ദേശം എന്തെന്ന് മനസ്സിലാവാൻ അതിബുദ്ധിയൊന്നും വേണ്ടല്ലോ.

അൽനൂർ ത്രൈമാസികയുടെ (2005 ജൂലൈ- ആഗസ്റ്റ് - സെപ്തംബർ) ലക്കത്തിൽ കെ.വി സെബാസ്റ്റ്യൻ കുന്നത്തു കുഴിയിൽ എന്ന വ്യക്തിയുടെ പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട 'ബൈബിളിന്റെ പരിശുദ്ധി: ഖുർആന്റേയും ഹദീസിന്റെയും അടിസ്ഥാനത്തിൽ' എന്ന, മുസ്‌ലിംകളെ മാത്രം ഉദ്ദേശിച്ചുള്ള ലേഖനത്തെ ഒന്ന് പരിശോധനാ വിധേയമാക്കാം. ലേഖകൻ എഴുതുന്നു:

"മുഹമ്മദിന്റെ കാലത്ത് പഴയ നിയമവും പുതിയ നിയമവും ജനങ്ങളുടെ കയ്യിൽ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുന്ന ഒട്ടേറെ വാക്യങ്ങൾ ഖുർആനിൽ കാണാം. സൂറ: 10:94ൽ അല്ലാഹു ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: 'നാം നിനക്ക് നൽകിയ സന്ദേശങ്ങളിൽ വല്ല സംശ




**ഇന്ത്യ ഒരു മതനിരപേക്ഷ ജനാധിപത്യരാജ്യമാണ്. എല്ലാവർക്കും അവനവന് ഇഷ്ടമുള്ള മതം സ്വീകരിക്കുവാനും അതിന്റെ വിശ്വാസാചാരങ്ങൾ കൊണ്ടുനടക്കാനും അത് പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം നമ്മുടെ നാട്ടിലുണ്ട്. ആശയ സംവാദങ്ങൾ നടത്തുവാനും മാന്യമായി വിമർശിക്കുവാനും അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കുവാനും അനുവാദമുണ്ട്. ഈ സ്വാതന്ത്ര്യം നിലനിൽക്കുക തന്നെ വേണം. പരസ്പരം അറിയാനും അറിയിക്കാനും ശ്രമിക്കുന്നത് മനസ്സുകളെ തമ്മിൽ അടുപ്പിക്കാൻ കഴിയുന്ന പ്രവർത്തനമാണെന്നതിൽ സംശയമില്ല. അതിൽ അസഹിഷ്ണുത കാണിക്കുക എന്നത് കുടുസ്സായ ചിന്താഗതിയുടെ അടയാളമാണ്.**

യവും ഉണ്ടെങ്കിൽ നിനക്ക് മുമ്പുള്ള ദൈവിക സന്ദേശങ്ങൾ പാരായണം ചെയ്തുക്കൊണ്ടിരിക്കുന്നവരോട് (പൂർവ്വവേദക്കാരോട്) ഒന്ന് ചോദിച്ചു നോക്കുക" (10:94) യഹൂദരും ക്രൈസ്തവരുമാണ് ഖുർആൻ സൂചിപ്പിക്കുന്ന പൂർവ്വ വേദക്കാർ. അവർ പരായണം ചെയ്യുന്ന ദൈവിക ഗ്രന്ഥങ്ങൾ തൗറാത്തും ഇഞ്ചീലും" (പേജ്: 6).

ലേഖകൻ ഉദ്ധരിക്കുന്ന 10:94ന്റെ യഥാർഥ അർഥം: "ഇനി നിനക്ക് നാം അവതരിപ്പിച്ചു തന്നതിനെപറ്റി നിനക്ക് വല്ല സംശയവുമുണ്ടെങ്കിൽ നിനക്ക് മുമ്പുതന്നെ വേദഗ്രന്ഥം വായിച്ചുവരുന്നവരോട് ചോദിച്ചു നോക്കുക. തീർച്ചയായും നിനക്ക് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം വന്നുകിട്ടിയിരിക്കുന്നു. അതിനാൽ നീ സംശയാലുക്കളുടെ കൂട്ടത്തിലായിപ്പോകരുത്" (10:94).

തൗറാത്തും ഇഞ്ചീലും മുഹമ്മദ് നബിﷺയുടെ കാലത്ത് യഥാർഥ രൂപത്തിൽ നിലനിന്നിരുന്നു എന്നതിനല്ല ഈ വാക്യം തെളിവാകുന്നത്. മുഹമ്മദ് നബിﷺയുടെ ദൗത്യം, അദ്ദേഹത്തിന് നൽകപ്പെട്ട ക്വുർആനിന്റെ ദൈവികത എന്നിവയാണ് ഈ വാക്യത്തിലൂടെ സ്ഥിരീകരിക്കപ്പെടുന്നത്. ക്വുർആനിന്റെയും അന്തിമ ദൂതൻന്റെയും ആഗമനത്തെ കുറിച്ച് തൗറാത്തിലും ഇഞ്ചീലിലും സുവ്യക്തമായ പരാമർശങ്ങൾ ഉണ്ടായിരുന്നു. പൂർവ വേദക്കാർ ആ പരാമർശങ്ങൾ പരായാണം ചെയ്തുവരുന്നതുമാണ്. എന്നാൽ പിന്നീട് അത്തരം പരാമർശങ്ങൾ അവയിൽ നിന്നും നീക്കം ചെയ്യപ്പെടുകയോ അവയിൽ അവ്യക്ത വരുത്തുകയോ ഉണ്ടായി.

**ക്വുർആനിന്റെ ശരിവെക്കൽ എങ്ങനെ?**

മനുഷ്യനിർമിതങ്ങളും ദൈവിക മാർഗദർശനത്തിന് നിരക്കാത്തതുമായ അനേകം പരാമർശങ്ങളുള്ളവയാണ് പുതിയ-പഴയനിയമങ്ങൾ. ക്വുർആനിന്റെ സാക്ഷീകരണം നേടിയവയാണ് ഇവ എന്ന് വരുത്തിത്തീർത്തുകൊണ്ട് തെറ്റുധരിപ്പിക്കും വിധം തുടർന്ന് എഴുതുന്നു:

"ഇഞ്ചീലിനെകുറിച്ചും ഖുർആൻ ഇതേ സാക്ഷ്യം നൽകുന്നു: അതിൽ (ഇഞ്ചീലിൽ) മാർഗനിർദേശവും പ്രകാശവുമുണ്ട്. അതിന്റെ മുന്നിലുള്ള തൗറാത്തിനെ ശരിവെച്ചുകൊണ്ടും സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗനിർദേശവും തദ്വോപദേശവുമായിക്കൊണ്ടാണത് വന്നിരിക്കുന്നത്(5.46)"

"തൗറാത്തിനെ ശരിവെച്ചുകൊണ്ട് ഇഞ്ചീൽ വന്നതുപോലെ തൗറാത്തിനൊപ്പം ഇഞ്ചീലിനെയും ശരിവെക്കാനാണ് ഖുർആൻ അവതരിപ്പിച്ചിരിക്കുന്നതെന്ന് അല്ലാഹു പലതവണ വ്യക്തമാക്കുന്നത് കാണാം. തൗറാത്തിനെ കുറിച്ച് പറയുന്നു: "അള്ളാഹു അവതരിപ്പിക്കുന്നതിൽ വിശ്വസിക്കുക; എന്ന് ഉപദേശിച്ചാൽ അവരുടെ (യഹൂദരുടെ) മറുപടി ഞങ്ങൾക്ക് അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിക്കുന്നു, അതിനപ്പുറമുള്ളത് അവർ നിഷേധിക്കുന്നു. യഥാർത്ഥത്തിലോ അത് സത്യമായ സന്ദേശമാണ്. അവരുടെ പക്കലുള്ളതിനെ ശരിവെക്കുന്നതിനും. സൂറ: 2/91,3/3, 35/31, 12/11, 46/30 തുടങ്ങിയ വാക്യങ്ങളിലൊക്കെ പൂർവ്വ വേദങ്ങൾ സത്യസന്ദേശമെന്ന് സാക്ഷ്യപ്പെടുത്തുന്നത് കാണാം"(പേജ് 6).

ക്വുർആനിന് മുമ്പ് വിവിധ കാലഘട്ടങ്ങളിലായി അല്ലാഹു അവതരിപ്പിച്ച തൗറാത്ത്, ഇഞ്ചീൽ, സബൂർ എന്നിവയെ അവയുടെ യഥാർഥ ഘടനയിലും സന്ദേശങ്ങളിലും ദൈവിക സ്വഭാവത്തിലും ക്വുർആൻ അംഗീകരിക്കുകയും അവയുടെ ആശയപര

**ക്വുർആനിന് മുമ്പ് വിവിധ കാലഘട്ടങ്ങളിലായി അല്ലാഹു അവതരിപ്പിച്ച തൗറാത്ത്, ഇഞ്ചീൽ, സബൂർ എന്നിവയെ അവയുടെ യഥാർഥ ഘടനയിലും സന്ദേശങ്ങളിലും ദൈവിക സ്വഭാവത്തിലും ക്വുർആൻ അംഗീകരിക്കുകയും അവയുടെ ആശയപരമായ തുടർച്ചയെ ക്വുർആൻ പ്രതിനിധീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്ന നിരവധി പരാമർശങ്ങൾ ക്വുർആനിലുണ്ട് താനും. എന്നാൽ അവയൊന്നും ആധുനിക ക്രിസ്തുമതത്തിന്റെ പ്രമാണങ്ങളായ പുതിയ-പഴയ നിയമ ബൈബിളുകളുടെ സത്യതക്ക് തെളിവാകുന്നില്ല.**






മായ തുടർച്ചയെ ക്വുർആൻ പ്രതിനിധീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്ന നിരവധി പരാമർശങ്ങൾ ക്വുർആനിലുണ്ട് താനും. എന്നാൽ അവയൊന്നും ആധുനിക ക്രിസ്തുമതത്തിന്റെ പ്രമാണങ്ങളായ പുതിയ-പഴയ നിയമ ബൈബിളുകളുടെ സത്യതക്ക് തെളിവാകുന്നില്ല. 5:46 വാക്യമെന്ന നിലയിൽ അൽനൂർ ലേഖകൻ ഉദ്ധരിക്കുന്നതിന്റെ യഥാർഥ വാക്യരൂപത്തിലും പരാമർശിക്കപ്പെടുന്നത് ഇഞ്ചീൽ എന്ന ദൈവിക ഗ്രന്ഥം അതിന്റെ യഥാർഥ ഘടനയിൽ മുമ്പുള്ള തൗറാത്തിനെ ആശയപരമായും താത്വികമായും പിന്തുടരുന്നു എന്ന സത്യമാണ്. മറിച്ച് ആധുനിക ബൈബിളിനെ (പുതിയനിയമം, പഴയനിയമം) സാക്ഷീകരിക്കുന്നു എന്ന വാദത്തിന് 5:46 തെളിവാകുകയില്ല. പ്രസ്തുത വാക്യം അതിന്റെ യഥാർഥ രൂപത്തിൽ ഇപ്രകാരമാണ്:

“അവരെ (ആ പ്രവാചകൻമാരെ) തുടർന്ന് അവരുടെ കാൽപാടുകളിലായിക്കൊണ്ട് മറിയമിന്റെ മകൻ ഈസായെ തന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നവനായിക്കൊണ്ട് നാം നിയോഗിച്ചു. സൻമാർഗ നിർദേശവും സത്യപ്രകാശവും അടങ്ങിയ ഇഞ്ചീലും അദ്ദേഹത്തിന് നാം നൽകി. അതിന് മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നതും സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗദർശനവും സദുപദേശവുമത്രെ അത് ”(5:46).

ഈ വാക്യം സ്ഥിരീകരിക്കുന്നത് ക്രൈസ്തവ സുവിശേഷത്തെയല്ല; ഈസാനബിﷺക്ക് നൽകപ്പെട്ടിരിക്കുന്നതും ക്വുർആനിന് മുമ്പ് അവതീർണമായിരുന്നതും അല്ലാഹു ഈസാനബിﷺയിലൂടെ അക്കാലത്തെ മുസ്‌ലിം സമൂഹത്തിന് നൽകിയിരുന്നതുമായ ദൈവിക ഗ്രന്ഥത്തെ കുറിച്ചാണ്. അതുകൊണ്ട് തന്നെ ഈ വാക്യം ക്രൈസ്തവ ആദർശത്തെ പിന്തുണക്കുന്നതല്ല.

2:91ന്റെ ആശയം യഹൂദ, ക്രൈസ്തവർക്കെല്ലാം ബാധകമാണ്. പ്രസ്തുത വാകൃത്തിൽ “അവരുടെ പക്കലുള്ള വേദത്തെ ശരിവെക്കുന്ന സത്യസന്ദേശമാണ് താനും അത് (ക്വുർആൻ)” എന്ന പരാമർശം, പ്രസ്തുത വിഭാഗങ്ങൾക്ക് നൽകപ്പെട്ടിരുന്ന വേദങ്ങളുടെ യഥാർഥ മൂല്യഘടനയെ കുറിച്ചുള്ളതാണ്. അൽനൂർ ലേഖകൻ, ബൈബിൾ പുതിയ-പഴയനിയമ പുസ്തകങ്ങൾക്ക് ക്വുർആനിന്റെ പിന്തുണ ഉറപ്പിക്കാനായി ചൂണ്ടിക്കാട്ടിയ മറ്റുവാക്യങ്ങളെ ഇപ്രകാരം വായിക്കാം:

1. “അല്ലാഹു അവതരിപ്പിച്ചതിൽ (ക്വുർആനിൽ) നിങ്ങൾ വിശ്വസിക്കൂ എന്ന് അവരോട് പറയപ്പെട്ടാൽ, ഞങ്ങൾക്ക് അവതീർണമായ സന്ദേശത്തിൽ ഞങ്ങൾ വിശ്വസിക്കുന്നുണ്ട് എന്നാണവർ പറയുക. അതിനപ്പുറമുള്ളത് അവർ നിഷേധിക്കുകയും ചെയ്യുന്നു. അവരുടെ പക്കലുള്ള വേദത്തെ ശരിവെക്കുന്ന സത്യസന്ദേശമാണ് താനും അത് (ക്വുർആൻ)” (2:91).

2. “അവൻ ഈ വേദഗ്രന്ഥത്തെ മുൻവേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൗറാത്തും ഇഞ്ചീലും അവതരിപ്പിച്ചു” (3:3).

3. “നിനക്ക് നാം ബോധനം നൽകിയ ഗ്രന്ഥം തന്നെയാകുന്നു സത്യം. അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) സത്യപ്പെടുത്തുന്നതായിട്ട്. തീർച്ചയായും അല്ലാഹു തന്റെ ദാസൻമാരെ പറ്റി സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനുമാകുന്നു” (35:31).

4. “തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാൻമാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രത്യുത, അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും എല്ലാ കാര്യത്തെയും സംബന്ധിച്ച് ഒരു വിശദീകരണവും വിശ്വസിക്കുന്ന ജനങ്ങൾക്ക് കാരുണ്യവും ആകുന്നു അത്” (12:111).

5. “അവർ പറഞ്ഞു: ഞങ്ങളുടെ സമുദായമേ, തീർച്ചയായും മൂസാക്ക് ശേഷം അവതരിപ്പിക്കപ്പെട്ടതും അതിന് മു

മുള്ളതിനെ സത്യപ്പെടുത്തുന്നതുമായ ഒരു വേദഗ്രന്ഥം ഞങ്ങൾ കേട്ടിരിക്കുന്നു. സത്യത്തിലേക്കും നേരായ പാതയിലേക്കും അത് വഴികാട്ടുന്നു" (46:30).

ഇത്തരം വാക്യങ്ങളിലെല്ലാം ഉപയോഗിക്കുന്ന 'സത്യപ്പെടുത്തൽ' (തസ്ദീക്) ആക്ഷരികമായ സത്യപ്പെടുത്തലല്ല. ആശയത്തിലും പൊതുദർശനത്തിലും ഊന്നിയുള്ള സത്യപ്പെടുത്തലാണ്. പൂർവ വേദങ്ങൾ അവയുടെ യഥാർഥ ഘടനയിൽ, ആശയവൈകല്യങ്ങളിലകപ്പെടാതെ നിലനിന്നിരുന്ന കാലത്ത് അവയ്ക്ക് ദൈവിക ഗ്രന്ഥ പരിഗണന ഉണ്ടായിരുന്നെന്നും ദൈവിക ഗ്രന്ഥങ്ങളെ അവയുടെ യഥാർഥ ഘടനയിൽ ക്വുർആൻ സാക്ഷീകരിക്കുന്നുണ്ട് എന്നും പൂർവ വേദങ്ങളിലൂടെ ആദിമദൂതൻമാർക്ക് നൽകപ്പെട്ട സത്യസന്ദേശങ്ങളാണ് ക്വുർആനിലൂടെ മനുഷ്യരാശിക്ക് മുന്നിൽ അവതരിപ്പിക്കപ്പെടുന്നത് എന്നുമാണ് മുകളിൽ ഉദ്ധരിച്ച വാക്യങ്ങളുടെ താൽപര്യം. മിഷണറി എഴുത്തുകാർ പറയുന്നത് പോലെ, ഇന്നത്തെ പഴയ പുതിയ നിയമങ്ങൾക്കുള്ള സാക്ഷ്യങ്ങളല്ല അവയൊന്നും.

### സുവിശേഷങ്ങളും ക്വുർആനും

സുവിശേഷങ്ങളെ ക്വുർആൻ അംഗീകരിക്കുന്നുണ്ട് എന്ന വാദം 'അൽനൂർ' എഴുത്തുകാരൻ ഉന്നയിക്കുന്നുണ്ട്. ഇഞ്ചീൽ എന്ന പൂർവവേദത്തെ ക്വുർആൻ പരാമർശിക്കുന്നുണ്ടെങ്കിലും പുതിയ നിയമത്തിലെ സുവിശേഷങ്ങളെ ആ പരാമർശം ബാധിക്കുകയില്ല. കാരണം ഇഞ്ചീലും പുതിയ നിയമത്തിലെ സുവിശേഷങ്ങളും പൂർണമായ രൂപത്തിൽ ഒന്നല്ല എന്നതുതന്നെ. ഈ വസ്തുത മറച്ചുവെച്ചുകൊണ്ട് അപ്പോസ്തലന്മാരും അല്ലാത്തവരും എഴുതിയ സുവിശേഷങ്ങൾക്ക് ദൈവിക പദവി നൽകാനാണ് അൽനൂർ എഴുത്തുകാരൻ ശ്രമിക്കുന്നത്.

'ദൈവപുത്രനായ ഈശോമിശിഹായുടെ സുവിശേഷത്തിന്റെ ആരംഭം' എന്നു പറഞ്ഞുകൊണ്ടാണ് മാർക്കോസ് തന്റെ ഗ്രന്ഥം ആരംഭിക്കുന്നത്.

'കാലസമ്പൂർത്തിയിൽ ദൈവം തന്റെ പുത്രൻ വഴി നമ്മോട് സംസാരിച്ചതിനെ' കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് ഹൈബ്രായ ലേഖനകർത്താവ് തന്റെ രചന ആരംഭിക്കുന്നത്. "പൂർവ കാലങ്ങളിൽ പ്രവാചകൻ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടും സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി നമ്മോട് സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു" (ഹെബ്രായർ 1:1-2).



**സുവിശേഷങ്ങളെ ക്വുർആൻ അംഗീകരിക്കുന്നുണ്ട് എന്ന വാദം 'അൽനൂർ' എഴുത്തുകാരൻ ഉന്നയിക്കുന്നുണ്ട്. ഇഞ്ചീൽ എന്ന പൂർവവേദത്തെ ക്വുർആൻ പരാമർശിക്കുന്നുണ്ടെങ്കിലും പുതിയ നിയമത്തിലെ സുവിശേഷങ്ങളെ ആ പരാമർശം ബാധിക്കുകയില്ല. കാരണം ഇഞ്ചീലും പുതിയ നിയമത്തിലെ സുവിശേഷങ്ങളും പൂർണമായ രൂപത്തിൽ ഒന്നല്ല എന്നതുതന്നെ. ഈ വസ്തുത മറച്ചുവെച്ചുകൊണ്ട് അപ്പോസ്തലന്മാരും അല്ലാത്തവരും എഴുതിയ സുവിശേഷങ്ങൾക്ക് ദൈവിക പദവി നൽകാനാണ് അൽനൂർ എഴുത്തുകാരൻ ശ്രമിക്കുന്നത്.**

“ഇവിടെയെല്ലാം വെളിവാക്കുന്നത് ഈശോമിശിഹായെ അവിടുത്തെ സമഗ്രതയിൽ വിശ്വാസ സമൂഹത്തിന്, തലമുറകൾക്ക് പരിചയപ്പെടുത്തുന്നതിനാണ് ബൈബിൾ രചിക്കപ്പെട്ടത് എന്നാണ്. ഈശോയുടെ വാക്കുകളും പ്രവൃത്തികളുമാണ് അവയുടെ വിഷയം. അവ ഒരു തെറ്റും കൂടാതെ നിർവ്വഹിക്കപ്പെട്ടു. ക്രിസ്താബ്ദം അമ്പതുകളിൽ മത്തായിയും അറുപതുകളിൽ മാർക്കോസും എഴുപതിനടുത്ത് ലൂക്കോയും 90 കളിൽ യോഹന്നാനും അറിയിച്ച സുവിശേഷം തന്നെയാണ് ഇന്നും സഭ കയ്യിലേന്തുന്നതും തലമുറകൾക്ക് കൈമാറിയതയും” (അൽനൂർ, പേജ് 8).

മാർക്കോസിന്റെ സുവിശേഷം രചിച്ചത് മാർക്കോസ് ആകയാൽ അത് ക്രിസ്തുവിന്റെ സുവിശേഷമല്ല. മാർക്കോസിന്റെ സുവിശേഷമാണ്. അൽനൂർ ലേഖകൻ തന്നെ ആ സുവിശേഷത്തെ വിളിക്കുന്നത് ‘മാർക്കോസിന്റെ ഗ്രന്ഥം എന്നാണ്’ എന്നിരിക്കെ പ്രസ്തുത സുവിശേഷം ക്രിസ്തുവിന്റെ സുവിശേഷമല്ല. ‘ക്രിസ്തുവിന്റെ സുവിശേഷം’ എന്ന് പറയുമ്പോൾ ക്രിസ്തുവിനെക്കുറിച്ച് പണ്ട് വന്നിട്ടുള്ള സുവിശേഷമെന്നും ക്രിസ്തുവിന് ദൈവത്തിൽനിന്ന് ലഭിച്ച സുവിശേഷമെന്നും അർഥമുണ്ട്. ഇതിൽ അൽനൂർ ലേഖകൻ പരിഗണിക്കുന്നത് രണ്ടാമത്തെ അർഥമാണ്. രണ്ടാം അർഥം പരിഗണിക്കുന്നതിലൂടെ മാർക്കോസിന്റെ രചന, ക്രിസ്തുവിലൂടെ ലഭിച്ച ദൈവികസന്ദേശമാണ് എന്ന് വരുത്തുകയാണ് ലക്ഷ്യം. എന്നാൽ ആ ലക്ഷ്യത്തിന് മാർക്കോസിന്റെ സുവിശേഷം തന്നെ എതിരാണ്. മാർക്കോസിന്റെ സുവിശേഷം ക്രിസ്തുവിന് ദൈവത്തിൽ നിന്ന് ലഭിച്ചതാണെന്ന് വരുത്തിത്തീർക്കാനാണ് അൽനൂർ ലേഖകൻ ആഗ്രഹിച്ചതെങ്കിലും പ്രസ്തുത സുവിശേഷത്തിന്റെ ആരംഭത്തിലെ പരാമർശം മാർക്കോസിന്റെ സുവിശേഷത്തിന് ബാധകമല്ലെന്ന് ആ പരാമർശത്തിന്റെ പൂർണരൂപത്തിൽ നിന്ന് ഗ്രഹിക്കാം:

“ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം: ‘അവൻ നിനക്ക് മുമ്പായി എന്റെ ദൂതനെ അയക്കുന്നു. അവൻ നിന്റെ വഴി ഒരുക്കും. കർത്താവിന്റെ വഴി ഒരുക്കുവീൻ, അവന്റെ പാത നിരപ്പാക്കുവീൻ എന്ന് മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്ക്’ എന്നിങ്ങനെ യെശയ്യ പ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്ന പോലെ...” (മാർക്കോസ് എഴുതിയ സുവിശേഷം 1:1-3).

മാർക്കോസിന്റെ സുവിശേഷത്തെയല്ല അദ്ദേഹം തന്റെ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ‘ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം’ എന്ന് സൂചിപ്പിച്ചത്. മറിച്ച് ക്രിസ്തുവിനെ കുറിച്ചുള്ള മുൻ പ്രവചനത്തെയാണ്. ഈ വസ്തുത മറച്ചുവെച്ചുകൊണ്ട് വായനക്കാരെ തെറ്റുധരിപ്പിക്കുവാനും മാർക്കോസിന്റെ സുവിശേഷത്തെ ദൈവത്തിൽ നിന്നുള്ള സുവിശേഷമാക്കാനുമാണ് ‘അൽനൂർ’ ലേഖകൻ ശ്രമിക്കുന്നത്. ഹെബ്രായ ലേഖനത്തിന്റെ തുടക്കത്തിൽ പൂർവകാലങ്ങളിൽ ദൈവം മാർഗദർശനത്തിനായി ദൂതന്മാരെ അയച്ച കാര്യം സമ്മതിക്കുന്നു. അതിനു ശേഷമാണ് ക്രിസ്തുവിന്റെ ദൈവപുത്രവാദം ഉന്നയിക്കുന്നത്. നാലു സുവിശേഷങ്ങളും പുതിയ നിയമത്തിലെ ലേഖനങ്ങളും പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത് ക്രിസ്തുവിനെ കുറിച്ചുള്ള ശരിയായ അറിവ് മറച്ചുവെക്കാനും അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് ലഭിച്ച വേദഗ്രന്ഥമായ ഇൻജീലിന്റെ ആശയങ്ങൾ വികലമാക്കി അവതരിപ്പിക്കാനുമുള്ള ശ്രമങ്ങൾ ബോധബോധപൂർവം തന്നെ നടന്നിട്ടുണ്ട് എന്നാണ്. ക്രിസ്തുവിന് നൽകപ്പെട്ടിരുന്ന യഥാർഥ ഇൻജീലിന്റെ പ്രതിപാദ്യങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളുമായിരുന്നില്ല; മറിച്ച് ദൈവിക ഉൽബോധനങ്ങൾ മാത്രമായിരുന്നുവെന്ന് ക്വുർആൻ പഠിപ്പിക്കുന്നു. വിവിധ കാലഘട്ടങ്ങളിലായി വിവിധ വ്യക്തികൾ എഴുതിയ കൃതികളാണ് ക്രൈസ്തവർ ഇൻജീൽ എന്ന് തെറ്റായി വിശേഷിപ്പിക്കുന്ന സമാഹാരത്തിന്റെ ഉള്ളടക്കമെന്നതിനാലും അക്കാര്യം അൽനൂർ ലേഖകൻ തന്നെ സമ്മതിച്ചുതരികയും ചെയ്യുന്നതിനാലും ആ കൃതിയെ ദൈവിക ഗ്രന്ഥമെന്ന് പറയാവതല്ല.

**(അവസാനിച്ചില്ല)** ●

**നാലു സുവിശേഷങ്ങളും പുതിയ നിയമത്തിലെ ലേഖനങ്ങളും പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത് ക്രിസ്തുവിനെ കുറിച്ചുള്ള ശരിയായ അറിവ് മറച്ചുവെക്കാനും അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് ലഭിച്ച വേദഗ്രന്ഥമായ ഇൻജീലിന്റെ ആശയങ്ങൾ വികലമാക്കി അവതരിപ്പിക്കാനുമുള്ള ശ്രമങ്ങൾ ബോധബോധപൂർവം തന്നെ നടന്നിട്ടുണ്ട് എന്നാണ്. ക്രിസ്തുവിന് നൽകപ്പെട്ടിരുന്ന യഥാർഥ ഇൻജീലിന്റെ പ്രതിപാദ്യങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളുമായിരുന്നില്ല; മറിച്ച് ദൈവിക ഉൽബോധനങ്ങൾ മാത്രമായിരുന്നുവെന്ന് ക്വുർആൻ പഠിപ്പിക്കുന്നു.**

ടി.കെ.ത്വൽഹത്ത് സ്വലാഹി
mail@nerpatham.com

ലേഖനം



# ജീവിത വിശുദ്ധി നിലനിർത്താൻ ചില മാർഗങ്ങൾ

**വി**ശ്വാസവും (ഈമാൻ) സൂക്ഷ്മതയും (തക്വ) നേടിയെടുക്കുക എന്നതിലേറെ ശ്രമകരമാണ് നേടിയെടുത്ത വിശുദ്ധി നിലനിർത്തുക എന്നത്.

മൂല്യമുള്ള ഒരു വസ്തു നിർമിക്കാൻ ഏറെ സമയവും ത്യാഗവും അധ്വാനവും ആവശ്യമാണ്. എന്നാൽ അതിനെ നശിപ്പിക്കാൻ ഏതാനും നിമിഷങ്ങൾ മാത്രം മതി.

വ്രതകാലത്ത് ക്ഷമയിലൂടെയും സൽകർമങ്ങളിലൂടെയും നേടിയെടുത്ത വിശുദ്ധി നൈമിഷിക സുഖങ്ങൾക്കും താൽക്കാലിക ആസ്വാദനങ്ങൾക്കും വേണ്ടി തകർക്കരുത്.

മനുഷ്യന്റെ മുഖ്യശത്രുവായ പിശാച് എല്ലാവിധേനയും നമ്മെ വഴി തെറ്റിക്കാനും നമ്മുടെ വിശ്വാസത്തിന് പുഴുക്കുത്തേൽപിക്കാനും സദാ ശ്രമിച്ചുകൊണ്ടിരിക്കും.

അല്ലാഹു പറയുന്നു: "തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരുക്കുവാൻ വേണ്ടി മാത്രമാണ്" (ക്വുർആൻ 35:6).

ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഒരു പരിധിവരെ നമ്മുടെ തക്വ നിലനിർത്താനും സൽകർമങ്ങൾ പതിവാക്കാനും പരമവഞ്ചകനായ പിശാചിന്റെ കുതന്ത്രങ്ങളിൽ നിന്ന് രക്ഷപ്പെടാനും നമുക്ക് കഴിയും. അവയിൽ ചിലത് താഴെ കൊടുക്കുന്നു:

1. നിർബന്ധമായ (ഫറദായ) കർമങ്ങൾക്ക് പുറമെ ഐഛികമായ (സുന്നത്തായ) കർമങ്ങൾ കൂടി ചെയ്തു കൊണ്ട് അല്ലാഹുവിലേക്ക് അടുക്കുക:

ഫറദുകളിൽ വരുന്ന ന്യൂനതകൾ പരിഹരിക്കാനും ഈമാനും വിശുദ്ധിയും നിലനിർത്താനും അതുവഴി അല്ലാഹുവിലേക്ക് അടുക്കാനും പിശാചിന്റെ ദുഷ്പ്രേരണകളിൽ നിന്ന് രക്ഷപ്പെടാനും സുന്നത്തുകളിലൂടെ നമുക്ക് സാധിക്കും. ഫറദിന് പുറമെ സുന്നത്തായ കർമങ്ങളിലൂടെ അല്ലാഹുവിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന അടിമയെ അല്ലാഹു ഏറെ ഇഷ്ടപ്പെടുമെന്ന് ക്വുദ്സിയായ ഹദീസിൽ (അല്ലാഹു പറഞ്ഞതായി നബിﷺ പറഞ്ഞുതന്നത്) കാണാം. (ബുഖാരി).

റവാത്തിബ് സുന്നത്തുകൾ, രാത്രി നമസ്കാരം, ദുഹാ നമസ്കാരം, സുന്നത്തു നോമ്പുകൾ, ദാനധർമങ്ങൾ തുടങ്ങിയ നന്മകൾ കഴിയുന്നത്ര ഇനിയും ജീവിതത്തിൽ തുടരാനായാൽ നാം അനുഗ്രഹീതരാണ്.

നബിﷺ സ്വുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് നമസ്കാരത്തിന് മറ്റേത് റവാതിബിനെക്കാളും പ്രാധാന്യം നൽകിയിരുന്നു എന്നും അവ ഒരിക്കലും മുടക്കിയിരുന്നില്ല എന്നും ഹദീസുകളിൽ കാണാം.

2. അർഥവും ആശയവും ചിന്തിച്ച് കൊണ്ട് ക്വുർആൻ പാരായണം ചെയ്യുക: ക്വുർആൻ പഠനവും പാരായണവും പതിവാക്കുന്നവർ നഷ്ടം വരാത്ത കച്ചവടത്തിലാണ്. അല്ലാഹു പറയുന്നു:

“തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം കൊടുത്തിട്ടുള്ളതിൽ നിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവരുമാരോ അവർ ആശിക്കുന്നത് ഒരിക്കലും നഷ്ടം സംഭവിക്കാത്ത ഒരു കച്ചവടമാകുന്നു” (35:29).

3. നാവ് കൊണ്ടും മനസ്സ് കൊണ്ടും റബ്ബിനെ കുറിച്ചുള്ള ഓർമ നിലനിർത്തുക: വിശ്വാസിയുടെ ആത്മിയ ഭക്ഷണമാണ് ദിക്റുകൾ. നബിﷺ എപ്പോഴും റബ്ബിനെ സ്മരിക്കുമായിരുന്നു. ശേഖരിച്ചു വെക്കാൻ പറ്റിയ ഏറ്റവും നല്ല സ്വത്ത് ദൈവ സ്മരണയാണെന്ന് നബിﷺ പഠിപ്പിക്കുകയുണ്ടായി.

ഒരു ഹദീഥ് കാണുക: മുആദ്ؓവിൽ നിന്നും നിവേദനം; റസൂൽﷺ എന്റെ കൈപിടിച്ചു പറഞ്ഞു: ‘അല്ലാഹുവാണെ, ഞാൻ നിന്നെ സ്നേഹിക്കുന്നു. മുആദേ! ഓരോ നമസ്കാരത്തിനും ഒടുവിൽ (സലാം വീട്ടുന്നതിന് തൊട്ടുമുമ്പായി) ഇങ്ങനെ പ്രാർഥിക്കുവാൻ നീ ഒരിക്കലും വിട്ടുപോകരുതെന്ന് നിന്നെ ഞാൻ ഉപദേശിക്കുന്നു: അല്ലാഹുവേ! നിന്നെ സ്മരിക്കുന്നതിനും നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുന്നതിനും നല്ല രീതിയിൽ നിന്നെ ആരാധിക്കുന്നതിനും എന്നെ നീ സഹായിക്കേണമേ” (അബൂദാവൂദ്).

**മൂല്യമുള്ള ഒരു വസ്തു നിർമിക്കാൻ ഏറെ സമയവും ത്യാഗവും അധ്വാനവും ആവശ്യമാണ്. എന്നാൽ അതിനെ നശിപ്പിക്കാൻ ഏതാനും നിമിഷങ്ങൾ മാത്രം മതി. വ്രതകാലത്ത് ക്ഷമയിലൂടെയും സൽകർമങ്ങളിലൂടെയും നേടിയെടുത്ത വിശുദ്ധി നൈമിഷിക സുഖങ്ങൾക്കും താൽക്കാലിക ആസ്വാദനങ്ങൾക്കും വേണ്ടി തകർക്കരുത്. മനുഷ്യന്റെ മുഖ്യശത്രുവായ പിശാച് എല്ലാവിധേനയും നമ്മെ വഴി തെറ്റിക്കാനും നമ്മുടെ വിശ്വാസത്തിന് പുഴുക്കുത്തേൽപിക്കാനും സദാ ശ്രമിച്ചുകൊണ്ടിരിക്കും.**

4. നല്ലവരോടൊപ്പം സഹവസിക്കുക: സത്യസന്ധതയും മതബോധവും ധാർമികനിഷ്ഠയുമുള്ളവരോടൊപ്പമായിരിക്കണം നമ്മുടെ സഹവാസം. ചീത്ത ചങ്ങാത്തം നമ്മെ തിന്മയിലേക്കെത്തിക്കാൻ കാരണമാകും.

5. ആത്മ വിചാരണ നടത്തുക: നമ്മുടെ വിശ്വാസത്തിലും കർമങ്ങളിലും സ്വഭാവത്തിലും സമീപനങ്ങളിലും ഇടപാടുകളിലും ഇടപെടലുകളിലും എന്തെങ്കിലും ന്യൂനതകൾ വരുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടേയിരിക്കുക. ഉണ്ടെങ്കിൽ പരിഹരിക്കുക.

6. മരണ ചിന്തയുണ്ടാവുക: നമ്മുടെ മരണം എപ്പോഴുമായേക്കാം എന്ന ചിന്തയും ഈമാനോട് കൂടി മരിക്കണം എന്ന ആഗ്രഹവും നമ്മെ നന്മകളിൽ തുടരാൻ സഹായിക്കും.

7. മതസദസ്സുകളിൽ ഹാജരാവുക: മതം പഠിക്കാനും ചോദിച്ചറിയാനും പറ്റുന്ന സദസ്സുകളിലും ക്വുർആൻ പഠന സംരംഭങ്ങളിലും വിജ്ഞാന വേദികളിലും മുടങ്ങാതെ ഹാജരാകുന്നത് തക്വ്‌വയുടെ വർധനവിന് വഴിയൊരുക്കും.

8. തക്വ്‌വ നിലനിൽക്കാൻ പ്രാർഥിക്കുക: മേൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നതോടൊപ്പം ഈമാനും വിശുദ്ധിയും നിലനിർത്തിത്തരാൻ അല്ലാഹുവിനോട് നിരന്തരമായി പ്രാർഥിക്കുക.

ക്വുർആൻ പഠിപ്പിക്കുന്ന പ്രാർഥന നോക്കൂ: “ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു”(3:8).

പ്രവാചകൻﷺ ധാരാളമായി നടത്തിയിരുന്ന ഒരു പ്രാർഥന ഇപ്രകാരമാണ്: “ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, നീ എന്റെ ഹൃദയത്തെ മതത്തിൽ ഉറപ്പിച്ച് നിർത്തേണമേ.”

ആർ. കെ. ശ്രീകുമാർ പൂജപ്പുര
mail@nerpatham.com




# റസൂൽ

മക്കതൻ മണ്ണിൽ പൂത്തു വിടർന്നൊരു
മുത്ത് റസൂല് തന്റെ
മാതൃകായോഗ്യമാം ജീവിത മാർഗമെൻ
മാനസം കീഴടക്കുന്നു!
മാതാവും താതനുമില്ലാതെ ജീവിത
പാതയിൽ മുന്നോട്ടു നീങ്ങി
സത്യവും സൽഗുണമേറെ നിറഞ്ഞൊരാ
സത്യസ്വരൂപന്റെ ദാസൻ.
ഹിറാ ഗുഹയിലന്നേകനായ് കഴിയവെ
എത്തി ജിബ്രീൽ മലക്ക്
അന്നു മുതൽ നബിയായി മുഹമ്മദോർ
എന്നും വഴികാട്ടിയായി
അല്ലാന്റെ കാരുണ്യമാർഗത്തെ കാട്ടിയീ
അവനിയിൽ മർത്യരെ മാറ്റി.
ആ സത്യമാർഗത്തെ മുറുകെ പിടിക്കുവാൻ
അന്ന് സഹിച്ചേറെ ത്യാഗം
അല്ലാഹുവല്ലാതെ ഇല്ല ഇലാഹെന്ന്
ഉച്ചത്തിലുദ്ഘോഷമായി.
അന്ധവിശ്വാസങ്ങൾ, അന്ധമാം ശത്രുത
എല്ലാം വെടിയുവാനോതി,
വിശ്വസ്തനെന്ന് വിളിച്ചവർ പോലുമെ
ശത്രുക്കളായ് മാറി നാട്ടിൽ!
മക്കത്തെയാളുകൾ ശത്രുതയേറ്റവെ
മദീനക്കാരേകി സഹായം.
മക്കാവിജയത്തിലൂടെയവസാനം
ശിർക്കിന്റെ കോട്ട തകർന്നു.
ലോകാവസാനത്തിൻ കാലംവരേക്കുമാ
ദൂതന്റെ നാമം മുഴങ്ങുമെങ്ങും.
ലോകർക്കതുല്യമാം മാതൃകയാകുമാ
സ്നേഹവും ഭൂവിൽ പരക്കും.

അബൂഫായിദ
mail@nerpatham.com



# മഴക്കാല കാഴ്ചകൾ

മാരിക്കാറ് പരക്കുന്നു
മാനം കരിനിറമാകുന്നു
മഴതൻ മേളം മുറുകുന്നു
മാനവരാനന്ദിക്കുന്നു

പുഴയും തോടും കവിയുന്നു
കിണറിൽ വെള്ളം നിറയുന്നു
പുതുപുതു നാമ്പുകളുയരുന്നു
പൽവർണപ്പൂ വിരിയുന്നു

കർഷകരാഹ്ലാദിക്കുന്നു
കൃഷിയിൽ നന്നായ് മുഴുകുന്നു
കഷ്ടപ്പെട്ടവർ പണിയുന്നു
കഷ്ടപ്പാടുകൾ മാറ്റുന്നു

കടലിൽ തിരകൾ പൊങ്ങുന്നു
കരയിൽ കേറിയടിക്കുന്നു
കുടിലുകൾ പലതും തകരുന്നു
കടുത്ത ദുരിതം നിറയുന്നു

ഇടിയും മഴയും പെരുകുന്നു
ഇടയിൽ മിന്നൽ മുറുകുന്നു
മിന്നൽ അപകടമാകുന്നു
മരണം പോലും വിതറുന്നു

മഴപെയ്താൽ വന്നെത്തുന്നു
രോഗങ്ങൾ തലപൊക്കുന്നു
കൊതുകുകളെങ്ങും വളരുന്നു
ജാഗ്രത നമ്മൾ കാട്ടുന്നോ?

മഴയും വെയിലും ഇടിയും മിന്നൽ
കൊണ്ടുവരുന്നവനല്ലാഹു.
ഗുണമത് കിട്ടാൻ തേടുക നാം
ദോഷം തടയാൻ തേടുക നാം

**സയ്യിദ് സഹ്ഫർ സ്വാദിക് മദീനി**
sahfarsadik@gmail.com




# സ്രഷ്ടാവ് സർവവ്യാപിയോ?

**ഇ**സ്‌ലാം മതം സമ്പൂർണമാണ്. അതിൽ വല്ലതും കൂട്ടുവാനോ കുറക്കുവാനോ പാടില്ല. ഏത് കാര്യത്തിലും ഒരു വിശ്വാസി സ്വീകരിക്കേണ്ട നിലപാട് ഇസ്‌ലാമിക പ്രമാണങ്ങൾക്കനുസരിച്ചായിരിക്കണം. അതിൽ നിന്ന് യാതൊരു വ്യതിചലനവും പാടില്ല. മതപരമായ ഏതെങ്കിലും ഒരു കാര്യത്തിൽ ഭിന്നത വന്നാൽ അതിനുള്ള പരിഹാരം അന്വേഷിക്കേണ്ടത് ഇസ്‌ലാമിക പ്രമാണങ്ങളായ വിശുദ്ധക്വുർആനിലും തിരുസുന്നത്തിലുമായിരിക്കണം. ആ പ്രമാണങ്ങൾ ഒരു വിഷയത്തിൽ ഖണ്ഡിതമായ തീരുമാനം നമുക്ക് നൽകിയിട്ടുണ്ടെങ്കിൽ അതിന് സർവാത്മനാ കീഴ്പ്പെടുകയാണ് വേണ്ടത്. വ്യക്തമായ തെളിവുകൾ കണ്ടിട്ടും ബാലിശമായ കാരണങ്ങൾ പറഞ്ഞ് അതിൽനിന്ന് കുതറിമാറുക എന്നത് ഒരു സത്യവിശ്വാസിയുടെ സ്വഭാവമല്ല. അല്ലാഹു പറയുന്നു:

"വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യാവസാനമുള്ളതും" (അന്നിസാഅ്:59).

"തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞതിന് ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്തു നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചു വിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (അന്നിസാഅ്:115).

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു"(അൽഅഹ്സാബ്: 36).

നബിﷺ പറഞ്ഞു: "നിങ്ങളിൽ ഞാൻ രണ്ടു കാര്യങ്ങൾ വിട്ടേച്ച് പോകുന്നു. അത് രണ്ടും മുറുകെ പിടിക്കുകയാണെങ്കിൽ നിങ്ങൾ ഒരിക്കലും വഴിപിഴക്കുകയില്ല; അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ ചര്യയും."

ഈ ക്വുർആൻ വചനങ്ങളുടെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ ഒരു വിശ്വാസി മനസ്സിലാക്കേണ്ടത്, ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്ന ഒരു കാര്യം തള്ളിക്കളയാൻ പാടില്ല എന്നാണ്.

വിശുദ്ധ ക്വുർആൻ പലവുരു ആവർത്തിച്ച് പറഞ്ഞതാണ് അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്നത്. അല്ലാഹുവിനെ ആരാധിക്കുന്നതിന് വിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ അവനെ നാം മനസ്സിലാക്കണം. അല്ലാഹുവിന് സുന്ദരമായ നാമങ്ങളും ഉന്നതമായ വിശേഷണങ്ങളും ഉണ്ടെന്ന് അല്ലാഹു തന്നെ വിശുദ്ധ ക്വുർആനിലൂടെ നമ്മെ അറിയിച്ചിട്ടുണ്ട്. ഈ നാമ വിശേഷണങ്ങളിലൊന്നും തന്നെ മറ്റാർക്കും യാതൊരു പങ്കുമില്ല. അല്ലാഹു പറയുന്നു:

"ആകയാൽ അല്ലാഹുവല്ലാതെ യതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക" (മുഹമ്മദ്:19).

അല്ലാഹുവിനെ മനസ്സിലാക്കുന്നതിൽ പെട്ടത് തന്നെയാണ് അവൻ എവിടെയാണ് എന്ന കാര്യം ഗ്രഹിക്കുന്നത്. പ്രവാചകൻﷺ ഒരാൾ വിശ്വാസിയാണോ അവിശ്വാസിയാണോയെന്ന് തീരുമാനിക്കുവാൻ ചോദിച്ചിരുന്നത് അല്ലാഹു എവിടെയാണ് എന്ന ചോദ്യമായിരുന്നു. ഇതിന് വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും ഒരുപാട് തെളിവുകൾ കണ്ടെത്തുവാൻ സാധിക്കും.

**അല്ലാഹു അർശിന് മുകളിൽ**

അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാണെന്നാണ് ക്വുർആൻ സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

"പരമ കാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു" (ത്വാഹാ:5).

**അല്ലാഹു ഉപരിലോകത്തിൽ**

അല്ലാഹു ഉപരിലോകത്താണെന്നുള്ളതിന് വിശുദ്ധ ക്വുർആനിൽ ഒരുപാട് വചനങ്ങൾ കാണാൻ സാധിക്കും.

"ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞ് കൊണ്ടിരിക്കും" (അൽമുൽക്: 17).

**വിശുദ്ധ ക്വുർആൻ പലവുരു ആവർത്തിച്ച് പറഞ്ഞതാണ് അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്നത്. അല്ലാഹുവിനെ ആരാധിക്കുന്നതിന് വിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ അവനെ നാം മനസ്സിലാക്കണം.**

"അതല്ല; ആകാശത്തുള്ളവൻ നിങ്ങളുടെ നേരെ ഒരു ചരൽ വർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ?" (അൽമുൽക്: 18).

"അവർക്ക് മീതെയുള്ള അവരുടെ രക്ഷിതാവിനെ അവർ ഭയപ്പെടുകയും അവർ കൽപിക്കപ്പെടുന്നതെന്തും അവർ പ്രവർത്തിക്കുകയും ചെയ്യുന്നു" (അന്നഹ്ൽ: 50).

ഈസാ നബിﷺയെ അല്ലാഹു തന്നിലേക്ക് ഉയർത്തിയെന്ന് പറയുന്നു. അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെങ്കിൽ എന്നിലേക്ക് ഉയർത്തിയെന്ന് പറയേണ്ടതില്ലല്ലോ. അല്ലാഹു പറയുന്നു:

"എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്" (അന്നിസാഅ്:158).

പ്രവാചക ചര്യയിലും ഇതിന് പിൻബലം നൽകുന്ന ഒരുപാട് തെളിവുകൾ കാണാൻ കഴിയുന്നതാണ്. നബിﷺ പറയുന്നു:

അബൂഹുറയ്റ رضي الله عنهവിൽ നിന്ന് നിവേദനം; പ്രവാചകൻﷺ പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ സത്യം; ഒരാൾ തന്റെ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചിട്ട് അവൾ അതിന് വിസമ്മതിക്കുകയാണെങ്കിൽ ഭർത്താവ് അവളിൽ തൃപ്തിപ്പെടുന്നത് വരെ ആകാശത്തുള്ളവൻ അവളിൽ കോപിക്കുന്നതാണ്"(മുസ്‌ലിം).

അബ്ദുല്ലാഹിബ്നു അംറ് رضي الله عنهവിൽ നിന്ന് നിവേദനം; നബിﷺ പറയുന്നു: "കരുണ കാണിക്കുന്നവരോട് പരമകാരുണികനും കാരുണ്യം കാണിക്കുന്നതാണ്. ആയതിനാൽ ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുക; എങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോടും കാരുണ്യം കാണിക്കുന്നതാണ്" (തിർമിദി).

മുആവിയ്യ ഇബ്നു ഹകമുസ്സുലമിയിൽ നിന്ന് നിവേദനം; അദ്ദേഹം പറയുന്നു: "എനിക്ക് ആടുകളെ നോക്കുന്ന ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ചെന്നായ ഒരു ആടിനെ പിടിക്കുകയുണ്ടായി. ഞാൻ ആദം സന്തതിയിൽ പെട്ടതായത് കൊണ്ട് തന്നെ എനിക്ക് സങ്കടം വന്നു. മാത്രമല്ല ഞാനവളെ അടിക്കുകയും ചെയ്തു. അതിന് ശേഷമാണ് ഞാൻ ചെയ്തത് ഒരു വലിയ പാതകമാണെന്ന് എനിക്ക് ബോധ്യമായത്. അത് കാരണത്താൽ ഞാൻ പ്രവാചകന്റെയടുത്ത് പോയി കാര്യം പറഞ്ഞു: 'അല്ലയോ തിരുദൂതരേ, ഞാനവളെ മോചിപ്പിക്കട്ടെയോ?' അപ്പോൾ നബിﷺ പറഞ്ഞു: 'നീ അവളെയും കൊണ്ട് വരൂ.' അങ്ങനെ ഞാൻ അവളെയും കൊണ്ട്വന്നു. അപ്പോൾ പ്രവാചകൻﷺ അവളോട് ചോദിച്ചു: 'അല്ലാഹു എവിടെയാണ്?'അവൾ പ്രതിവചിച്ചു: 'ആകാശത്തിൽ.'ഞാൻ ആരാണെന്ന് പ്രവാചകൻﷺ ചോദിച്ചു. അവൾ പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ പ്രവാചകനാണ്.' അപ്പോൾ നബിﷺ എന്നോട് പറയുകയുണ്ടായി: 'നീ അവളെ മോചിപ്പിക്കുക. അവൾ സത്യവിശ്വാസിനിയാണ്" (മുസ്‌ലിം).

പ്രവാചകൻﷺ തന്റെ ആകാശാരോഹണ വേളയിലാണ് അല്ലാഹുവിനോട് സംസാരിച്ചത്. അതും അല്ലാഹു ആകാശത്താണെന്നുള്ളതിന് തെളിവാണ്.

നബിﷺ ഇഹലോകവാസം വെടിഞ്ഞ സന്ദർഭത്തിൽ മഹാനായ അബൂബക്ർ؄ പറഞ്ഞ പ്രസിദ്ധമായ ഒരു വാക്യമുണ്ട്. അത് ഇപ്രകാരമാണ്: "ആരെങ്കിലും അല്ലാഹുവിനെ ആരാധിക്കുന്നുവെങ്കിൽ അല്ലാഹു ആകാശത്ത്, മരിക്കാതെ എന്നെന്നും ജീവിക്കുന്നവനാകുന്നു" (ദാരിമി ജഹ്മിയാക്കൾക്കുള്ള മറുപടിയിൽ സ്വഹീഹായ സനദോടുകൂടി ഉദ്ധരിച്ചത്).

ഹദീസ് പണ്ഡിതനായിരുന്ന അബ്ദുല്ലാഹിബ്നു മുബാറകിനോട് നമ്മുടെ രക്ഷിതാവിനെ നാം എങ്ങനെ അറിയുമെന്ന് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി കാണുക: "അല്ലാഹു ആകാശത്തിന് മുകളിൽ സൃഷ്ടികളിൽ നിന്നെല്ലാം വേറിട്ട് സിംഹാസനത്തിലാണ്."

ഇതിന്റെ ആശയം അല്ലാഹു സൃഷ്ടികളിൽ നിന്നെല്ലാം വേറിട്ട് തന്റെ സത്തയോടുകൂടി സിംഹാസനത്തിൽ ഉപവിഷ്ടനാണ് എന്നാണ്. സൃഷ്ടികളിൽ ആർക്കും തന്നെ അല്ലാഹുവിന്റെ ഉന്നതിയിൽ സാദൃശ്യമില്ല.

നാല് മദ്ഹബിന്റെ ഇമാമുകളും മനസ്സിലാക്കിയത് അല്ലാഹു തന്റെ അർശിന് മുകളിലാണെന്നും ഉന്നതിയിൽ ഒരു സൃഷ്ടിയും തന്നെ അല്ലാഹുവിനോട് സാദൃശ്യപ്പെടുന്നില്ലെന്നുമാണ്.

എന്നാൽ ചിലയാളുകൾ വിശുദ്ധ ക്വുർആനിലെ സൂറഃ അൽഹദീദിലെ ഒരു വചനമുദ്ധരിച്ചുകൊണ്ട് അല്ലാഹു എല്ലായിടത്തുമുണ്ടെന്ന് സമർഥിക്കാൻ ശ്രമിക്കാറുണ്ട്. ആ വചനം കാണുക:

"...നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു" (അൽഹദീദ്: 4).

ഈ വചനത്തെ വിശദീകരിച്ചുകൊണ്ട് പ്രമുഖ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്സീർ ഇബ്നു കസീറിൽ പറയുന്നു: 'അവൻ നിങ്ങളെ നിരീക്ഷിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും എങ്ങനെയായിരുന്നാലും നിങ്ങളുടെ പ്രവർത്തനങ്ങൾ അവൻ കാണുന്നു. എല്ലാവരും അവന്റെ കാഴ്ചക്കും കേൾവിക്കും അറിവിനും വിധേയമാണ്.'

അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ട് എന്നാണ് ഈ വചനത്തിന്റെ ആശയമെങ്കിൽ ഇസ്‌ലാം പ്രചരിപ്പിക്കുവാനും ജനങ്ങൾക്ക് ജീവിച്ച് മാതൃക കാണിക്കുവാനും വേണ്ടി അല്ലാഹു നിയോഗിച്ചയച്ച നബിﷺ അത് അങ്ങനെ പഠിപ്പിച്ച് തരുമായിരുന്നു. പ്രവാചകന്റെ ചെറുതും വലുതുമായ വാക്കുകളും പ്രവൃത്തികളുമെല്ലാം നമുക്ക് കൈമാറിയ അനുചരനമാർ ഈ ആശയവും നമുക്ക് പറഞ്ഞുതരുമായിരുന്നു. എന്നാൽ ഒരു സ്വഹാബി പോലും അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെന്ന വിശ്വാസം വെച്ചുപുലർത്തിയതിന് യാതൊരു തെളിവും ലഭ്യമല്ല.

അല്ലാഹു സർവ വ്യാപിയാണ് എന്നത് ഇസ്‌ലാമിൽ നിന്നും പുറത്ത് പോയിട്ടുള്ള ജഹ്മിയാക്കളുടെ (ജഹ്മുബ്നു സ്വഫ്വാനെയും അദ്ദേഹത്തിന്റെ ആശയത്തെയും പിൻപറ്റുന്നവർ) വാദമാണ്. യഥാർഥ മുസ്‌ലിമായി ജീവിക്കുവാനും മുസ്‌ലിമായി മരിക്കുവാനും ആഗ്രഹിക്കുന്നവർ വിശുദ്ധ ക്വുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന യഥാർഥ വിശ്വാസം ഉൾക്കൊള്ളുവാൻ തയ്യാറാകേണ്ടതുണ്ട്. അതിനെതിരെയുള്ള വാദങ്ങൾക്ക് യാതൊരു വിലയും നൽകുവാൻ പാടില്ല. അല്ലാഹുവിന്റെ ഈ വചനം കൂടി ശ്രദ്ധിക്കുക:

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല" (അന്നിസാഅ്: 65). ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 75, ഭാഗം: 1

# ക്വിയാമ (ഉയിർത്തെഴുന്നേൽപ്)

മക്കയിൽ അവതരിച്ചത്

1. ഉയിർത്തെഴുന്നേൽപിന്റെ നാളുകൊണ്ട് ഞാനിതാ സത്യം ചെയ്യുന്നു.
2. കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു.
3. മനുഷ്യൻ വിചാരിക്കുന്നുണ്ടോ; നാം അവന്റെ എല്ലുകളെ ഒരുമിച്ചുകൂട്ടുകയില്ലെന്ന്?
4. അതെ, നാം അവന്റെ വിരൽത്തുമ്പുകളെ പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ.
5. പക്ഷേ, (എന്നിട്ടും) മനുഷ്യൻ അവന്റെ ഭാവി ജീവിതത്തിൽ തോന്നിവാസം ചെയ്യാൻ ഉദ്ദേശിക്കുന്നു.
6. എപ്പോഴാണ് ഈ ഉയിർത്തെഴുന്നേൽപിന്റെ നാൾ എന്നവൻ ചോദിക്കുന്നു.
7. എന്നാൽ കണ്ണ് അഞ്ചിപ്പോകുകയും
8. ചന്ദ്രന് ഗ്രഹണം ബാധിക്കുകയും

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
لَآ أُقْسِمُ بِيَوْمِ ٱلْقِيَٰمَةِ ﴿١﴾ وَلَآ أُقْسِمُ بِٱلنَّفْسِ
ٱللَّوَّامَةِ ﴿٢﴾ أَيَحْسَبُ ٱلْإِنسَٰنُ أَلَّن نَّجْمَعَ عِظَامَهُۥ
﴿٣﴾ بَلَىٰ قَٰدِرِينَ عَلَىٰٓ أَن نُّسَوِّىَ بَنَانَهُۥ ﴿٤﴾ بَلْ يُرِيدُ
ٱلْإِنسَٰنُ لِيَفْجُرَ أَمَامَهُۥ ﴿٥﴾ يَسْـَٔلُ أَيَّانَ يَوْمُ ٱلْقِيَٰمَةِ
﴿٦﴾ فَإِذَا بَرِقَ ٱلْبَصَرُ ﴿٧﴾ وَخَسَفَ ٱلْقَمَرُ ﴿٨﴾

9. സൂര്യനും ചന്ദ്രനും ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്താൽ!

10. അന്നേദിവസം മനുഷ്യൻ പറയും; എവിടെയാണ് ഓടിരക്ഷപ്പെടാനുള്ളതെന്ന്.

11. ഇല്ല! യാതൊരു രക്ഷയുമില്ല.

12. നിന്റെ രക്ഷിതാവിങ്കലേക്കാണ് അന്നേ ദിവസം ചെന്നുകൂടൽ.

13. അന്നേദിവസം മനുഷ്യൻ മുൻകൂട്ടി ചെയ്തതിനെപ്പറ്റിയും നീട്ടിവെച്ചതിനെപ്പറ്റിയും അവന്ന് വിവരമറിയിക്കപ്പെടും.

14. തന്നെയുമല്ല; മനുഷ്യൻ തനിക്കെതിരിൽ തന്നെ ഒരു തെളിവായിരിക്കും.

15. അവൻ ഒഴികഴിവുകൾ സമർപ്പിച്ചാലും ശരി.

وَجُمِعَ ٱلشَّمْسُ وَٱلْقَمَرُ ﴿٩﴾ يَقُولُ ٱلْإِنسَٰنُ يَوْمَئِذٍ أَيْنَ
ٱلْمَفَرُّ ﴿١٠﴾ كَلَّا لَا وَزَرَ ﴿١١﴾ إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمُسْتَقَرُّ
﴿١٢﴾ يُنَبَّؤُا۟ ٱلْإِنسَٰنُ يَوْمَئِذٍۭ بِمَا قَدَّمَ وَأَخَّرَ ﴿١٣﴾ بَلِ
ٱلْإِنسَٰنُ عَلَىٰ نَفْسِهِۦ بَصِيرَةٌ ﴿١٤﴾ وَلَوْ أَلْقَىٰ مَعَاذِيرَهُۥ
﴿١٥﴾

(1) ഇവിടെ لا എന്ന അക്ഷരം നിഷേധത്തെ കുറിക്കുന്നതോ അധികരിച്ച് വന്നതോ അല്ല. മറിച്ച് ശേഷമുള്ളതിന്റെ പ്രാധാന്യത്തെക്കുറിക്കാനും ഒരു തുടക്കത്തിനും വേണ്ടി മാത്രമാണ്. സത്യം ചെയ്ത് പറയുന്നിടത്ത് അധികവും ഇങ്ങനെ പ്രയോഗിക്കാറുണ്ട്. ഇങ്ങനെ തുടങ്ങുന്നതിൽ തെറ്റില്ല. അടിസ്ഥാനപരമായി ഈ അക്ഷരം (لا) അതിനു വേണ്ടി നിശ്ചയിച്ചതല്ലെങ്കിലും.

ഇവിടെ സത്യംചെയ്യുന്ന കാര്യവും ചെയ്യപ്പെടുന്ന കാര്യവും ഒന്നാണ്. അതാവട്ടെ, മരണശേഷമുള്ള ഉയിർത്തെഴുന്നേൽപിനെ കുറിച്ചും ജനങ്ങൾ കബ്റുകളിൽ നിന്ന് എഴുന്നേറ്റ് വരുന്നതിനെ കുറിച്ചും പിന്നീട് അല്ലാഹുവിന്റെ തീരുമാനം പ്രതീക്ഷിച്ച് അവിടെയുള്ള നിർത്തത്തെ കുറിച്ചുമാണ്.

(2) (കുറ്റപ്പെടുത്തുന്ന മനസ്സിനെക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു). നല്ലതും ചീത്തയുമായ എല്ലാ മനസ്സുകൊണ്ടുമാണത്. കുറ്റപ്പെടുത്തുന്നത് എന്ന് വിളിക്കപ്പെട്ടത് അധികമായി അത് കുറ്റപ്പെടുത്തുകയും സംശയത്തിലാവുകയും ഒരേ അവസ്ഥയിൽ അത് ഉറച്ചുനിൽക്കാതിരിക്കുകയും ചെയ്യുന്നു. മാത്രവുമല്ല, മരണ സമയത്ത് ഓരോ മനസ്സും അതിന്റെ ഉടമയെ ആക്ഷേപിച്ചുകൊണ്ടിരിക്കും.സത്യവിശ്വാസിയുടെ മനസ്സ് അവനെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും. അവന്റെ ബാധ്യതകളിൽ സംഭവിച്ച കുറവുകളെയും കുറ്റങ്ങളെയും കുറിച്ച്; അല്ലെങ്കിൽ അവന്റെ അശ്രദ്ധയെ കുറിച്ച്. പ്രതിഫലത്തിന്റെയും അതിന്റെ അർഹതയെയും ഇവിടെ ചേർത്തുപറഞ്ഞു. ഇതോടൊപ്പം ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്ന ചില ധിക്കാരികളെ കുറിച്ചും പരാമർശിക്കുന്നു.

3) (മനുഷ്യൻ വിചാരിക്കുന്നുണ്ടോ നാം അവന്റെ എല്ലുകളെ ഒരുമിച്ച് കൂട്ടുകയില്ലെന്ന്). അതായത്, മരണശേഷം. അവൻ ചോദിച്ചതു പോലെ; ശരീരത്തിന്റെ അവലംബമായ എല്ലുകളെ വീണ്ടും സൃഷ്ടിക്കാനുള്ള അല്ലാഹുവിന്റെ കഴിവിനെ വിരോധം കൊണ്ടും അജ്ഞത കൊണ്ട് അസാധ്യമായിക്കണ്ടു. അതിനു മറുപടിയായിക്കൊണ്ട് അല്ലാഹു പറയുന്നു.

4-6) (അതെ, നാം അവന്റെ വിരൽത്തുമ്പുകളെ പ്പോലും ശരിപ്പെടുത്താൻ കഴിവുള്ളവനായിരിക്കെ). അവന്റെ വിരൽത്തുമ്പുകളെയും അസ്ഥികളെയും എല്ലാ ശരീരഭാഗങ്ങളുടെയും സൃഷ്ടിപ്പ് ഇതിൽ ഉൾപ്പെടൽ അനിവാര്യമായിരിക്കുന്നു. കാരണം വിരലുകളും വിരൽത്തുമ്പും പൂർത്തിയായാൽ ശരീരത്തിന്റെ സൃഷ്ടിപ്പ് പൂർത്തിയായിരിക്കും. തെളിവുകളുടെ അഭാവം കൊണ്ടല്ല, ഇവിടെ അല്ലാഹുവിന്റെ കഴിവിനെ നിഷേധിക്കുന്നത്. മറിച്ച് ബോധപൂർവമാണ് വരാനിരിക്കുന്ന ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്നത്. അൽഫുജൂർ എന്നത് മനഃപൂർവം കളവ് പറയുക എന്നതാണ്.

ഉയിർത്തെഴുന്നേൽപ് നാളിന്റെ അവസ്ഥകളാണ് തുടർന്ന് പറയുന്നത്. ഉയിർത്തെഴുന്നേൽപ് സംഭവിച്ചാൽ അതിന്റെ ഭയാനകതയാൽ കണ്ണുകൾ അഞ്ചി

പ്പോവുകയും അങ്ങനെ അത് തള്ളിപ്പോവുകയും ച ലിക്കാതാവുകയും ചെയ്യും. അല്ലാഹു പറയുന്നു:

إِنَّمَا يُؤَخِّرُهُمْ لِيَوْمٍ تَشْخَصُ فِيهِ ٱلْأَبْصَٰرُ ﴿٤٢﴾ مُهْطِعِينَ مُقْنِعِى رُءُوسِهِمْ لَا يَرْتَدُّ إِلَيْهِمْ طَرْفُهُمْ ۖ وَأَفْـِٔدَتُهُمْ هَوَآءٌ ﴿٤٣﴾

"കണ്ണുകൾ തള്ളിപ്പോകുന്ന ഒരു (ഭയാനകമായ) ദിവസം വരെ അവർക്കു സമയം നീട്ടിക്കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. അന്ന് ബദ്ധപ്പെട്ട് ഓടിക്കൊണ്ടും തലകൾ ഉയർത്തിപ്പിടിച്ചുകൊണ്ടും (അവർ വരും). അവരുടെ ദൃഷ്ടികൾ അവരിലേക്ക് തിരിച്ചുവരികയില്ല. അവരുടെ മനസ്സുകൾ ശൂന്യമായിരിക്കും." (വി.ഖു 14:42,43). (ചന്ദ്രന് ഗ്രഹണം ബാധിക്കുകയും) അതിന്റെ വെളിച്ചവും ശക്തിയും നഷ്ടപ്പെടുന്നു.

9) (സൂര്യനും ചന്ദ്രനും ഒരുമിച്ച് കൂട്ടപ്പെടുകയും ചെയ്താൽ). അവ രണ്ടും സൃഷ്ടിക്കപ്പെട്ടതു മുതൽ ഒരുമിച്ച് കൂടിയിട്ടില്ല. എന്നാൽ അന്ത്യനാളിൽ അല്ലാഹു അവയെ ഒരുമിച്ചുകൂട്ടും. ചന്ദ്രന് ഗ്രഹണം ബാധിക്കുകയും സൂര്യൻ ചുറ്റിപ്പൊതിയപ്പെടുകയും ചെയ്യും. തുടർന്ന് അവ രണ്ടും നരകത്തിൽ എറിയപ്പെടും. അവയും അല്ലാഹുവിന് കീഴ്പ്പെടുത്തപ്പെട്ട രണ്ടു അടിമകളാണെന്ന് അടിമകൾ കാണാനും അവ രണ്ടിനെയും ആരാധിച്ചവർ നിഷേധികളാണെന്ന് മനസ്സിലാക്കാനും വേണ്ടി.

10). (മനസ്സിൽ പറയും) അന്നത്തെ അവസ്ഥകളും ബേജാറുകളും കാണുമ്പോൾ. (എവിടെയാണ് ഓടിരക്ഷപ്പെടാനുള്ളതെന്ന്) ഞങ്ങൾക്ക് വന്നുപെട്ടതിൽ നിന്നും മോചനവും രക്ഷയും എവിടെയെന്ന്?

11). (ഇല്ല യാതൊരു രക്ഷയുമില്ല) അല്ലാഹു അല്ലാതെ ഒരാൾക്കും ഒരു രക്ഷാസങ്കേതമില്ല.

12). (നിന്റെ രക്ഷിതാവിങ്കലേക്കാണ് അന്നേ ദിവസം വന്നുകൂടൽ). ഒരാൾക്കും ആ സ്ഥാനത്തു നിന്ന് മറഞ്ഞുനിൽക്കാനോ ഓടിരക്ഷപ്പെടാനോ കഴിയില്ല.അവന്റെ പ്രവർത്തനത്തിന്റെ പ്രതിഫലത്തിനായി അവൻ നിന്നേ പറ്റൂ.

13). (അന്നേദിവസം മനുഷ്യൻ മുൻകൂട്ടി ചെയ്തതിനെപ്പറ്റിയും നീട്ടിവെച്ചതിനെപ്പറ്റിയും അവന് വിവരമറിയിക്കപ്പെടും. നല്ലതും ചീത്തയുമായ മുഴുവൻ പ്രവർത്തനങ്ങളെക്കുറിച്ചും. നിഷേധിക്കാനാവാത്ത വിധം വിവരമറിയിക്കപ്പെടും.

14). (തന്നെയുമില്ല മനുഷ്യൻ തനിക്കെതിരിൽ തന്നെ ഒരു തെളിവായിരിക്കും). അതായത് സാക്ഷിയും വിചാരണ ചെയ്യുന്നവനും.

15). (അവൻ ഒഴിവ് കഴിവുകൾ സമർപ്പിച്ചാലുംശരി). തീർച്ചയായും അത് സ്വീകരിക്കപ്പെടാത്ത ഒഴിവ് കഴിവുകളാണ്. എന്നാൽ അവന്റെ പ്രവർത്തനങ്ങൾ കൊണ്ട് അവനെ സമ്മതിപ്പിക്കും. അപ്പോൾ അവൻ അംഗീകരിക്കും. അതാണ് അല്ലാഹു പറഞ്ഞത്:

ٱقْرَأْ كِتَٰبَكَ كَفَىٰ بِنَفْسِكَ ٱلْيَوْمَ عَلَيْكَ حَسِيبًا ﴿١٤﴾

"നീ നിന്റെ ഗ്രന്ഥം വായിച്ചുനോക്കൂ. നിന്നെ സംബന്ധിച്ചിടത്തോളം കണക്കു നോക്കാൻ ഇന്ന് നീ തന്നെ മതി" (17:24). അതായത് ഒരു അടിമ തന്റെ പ്രവർത്തനങ്ങളെ എത്ര തന്നെ നിഷേധിച്ചാലും ഒഴിവുകഴിവ് പറഞ്ഞാലും അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവുകയില്ല. കാരണം അവന്റെ കേൾവിയും കാഴ്ചയും അവന്റെ അവയവങ്ങളുമെല്ലാം അവന്റെ പ്രവർത്തനങ്ങൾക്കു സാക്ഷിയാണ്. മാത്രവുമല്ല, അവന്റെ കുറ്റബോധത്തിന്റെ സമയം കഴിഞ്ഞുപോയി.

فَيَوْمَئِذٍ لَّا يَنفَعُ ٱلَّذِينَ ظَلَمُوا۟ مَعْذِرَتُهُمْ وَلَا هُمْ يُسْتَعْتَبُونَ ﴿٥٧﴾

"എന്നാൽ അക്രമം പ്രവർത്തിച്ചവർക്ക് അന്നത്തെ ദിവസം അവരുടെ ഒഴികഴിവ് പ്രയോജനപ്പെടുകയില്ല. അവർ പശ്ചാത്തപിക്കാൻ അനുശാസിക്കപ്പെടുന്നതുമല്ല"(30:57).

**അന്ത്യനാളിൽ ചന്ദ്രന് ഗ്രഹണം ബാധിക്കുകയും സൂര്യൻ ചുറ്റിപ്പൊതിയപ്പെടുകയും ചെയ്യും. തുടർന്ന് അവ രണ്ടും നരകത്തിൽ എറിയപ്പെടും. അവയും അല്ലാഹുവിന് കീഴ്പ്പെടുത്തപ്പെട്ട രണ്ടു അടിമകളാണെന്ന് അടിമകൾ കാണാനും അവ രണ്ടിനെയും ആരാധിച്ചവർ നിഷേധികളാണെന്ന് മനസ്സിലാക്കാനും വേണ്ടി.**

അബ്ദുൽ ജബ്ബാർ അബ്ദുല്ല
mail@nerpatham.com





# സൽമാനുൽ ഫാരിസിയുടെ ആത്മകഥ

(പ്രമുഖ സ്വഹാബിവര്യനായ സൽമാനുൽ ഫാരിസി(റ)യുടെ സത്യാന്വേഷണ യാത്രയുടെ വിവരണം)

2

അങ്ങനെ ഞാൻ നസ്വീബിനിലെ പുരോഹിതന്റെ കൂടെ താമസമാരംഭിച്ചു. സിറിയയിലെയും മൗസ്വിലിലെയും പുരോഹിതന്മാരെപ്പോലെ അദ്ദേഹവും ശ്രേഷ്ഠനായിരുന്നു. ആ പുണ്യാളനോടൊപ്പം ഞാൻ കഴിച്ചുകൂട്ടി. എന്നാൽ, ഏറെ കഴിഞ്ഞില്ല; മരണം അദ്ദേഹത്തെ തേടി വന്നിറങ്ങി. അദ്ദേഹത്തോട് ഞാൻ പറഞ്ഞു:

"ഗുരുവര്യരേ, മൗസ്വിലിലെ പുരോഹിതൻ കൽപിച്ചതനുസരിച്ചാണ് ഞാൻ താങ്കളുടെ അടുക്കലെത്തിയത്. ഞാൻ ആരെ ആത്മീയ ഗുരുവാക്കുവാനാണ് താങ്കൾ നിർദേശിക്കുന്നത്? എന്താണ് എന്നോട് കൽപിക്കുന്നത്?"

അദ്ദേഹം പറഞ്ഞു: "മകനേ, അല്ലാഹുവാണെ സത്യം! നീ എത്തിച്ചേരുവാൻ, നമ്മുടെ ആദർശമുള്ള ആരും അവശേഷിക്കുന്നതായി നാം അറിയില്ല അമ്മൂരിയ്യ ദേശത്തുള്ള ഒരു പുരോഹിതനൊഴികെ. നിനക്കിഷ്ടമാണെങ്കിൽ അവിടം പ്രാപിക്കുക."

അദ്ദേഹം മരണം വരിച്ച് മൺമറഞ്ഞപ്പോൾ ഞാൻ അമ്മൂരിയ്യയിലെ പുരോഹിതന്റെ അടുക്കൽ ചെന്നു. ഞാൻ എന്റെ വിവരങ്ങൾ പറഞ്ഞു. നസ്വീബീനിലെ പുരോഹിതന്റെ വിവരങ്ങൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു.

അദ്ദേഹം പറഞ്ഞു: "എന്നോടൊത്ത് കഴിഞ്ഞോളൂ."

സിറിയയിലെയും മൗസ്വിലിലെയും നസ്വീബീനിലെയും പുരോഹിതന്മാരെപ്പോലുള്ള ഒരു സന്മാർഗിയായിരുന്നു അദ്ദേഹവും. ഞാൻ അദ്ദേഹത്തോടൊപ്പം താമസമാരംഭിച്ചു. അവിടെവെച്ച് ഞാൻ സമ്പാദിക്കുവാൻ തുടങ്ങി. അങ്ങനെ ആടുകളും മാടുകളും എനിക്ക് സമ്പാദ്യമായി ഉണ്ടായി.

അങ്ങനെയിരിക്കെ മരണം അദ്ദേഹത്തേയും തേടിയെത്തി. മരണശയ്യയിലായ അദ്ദേഹത്തോട് ഞാൻ പറഞ്ഞു:

"ഗുരുശ്രേഷ്ഠരേ, സിറിയ, മൗസ്വിൽ, നസ്വീബീൻ, എന്നിവിടങ്ങളിലെ പുരോഹിതന്മാരുടെ ആജ്ഞാനുവർത്തിയായി ജീവിച്ച ഞാൻ അവസാനമായാണ് അങ്ങയുടെ അടുക്കലെത്തിയത്. ഇനി ഞാൻ ആരെ ആത്മീയ ഗുരുവാക്കുവാനാണ് താങ്കൾ നിർദേശിക്കുന്നത്? എന്താണ് എന്നോട് കൽപിക്കുന്നത്?"

"മകനേ, നീ എത്തിച്ചേരുവാൻ കൽപിക്കാവുന്ന ആരും ആദർശ ശുദ്ധരായി ഉള്ളത് ഞാൻ അറിയില്ല. എന്നാൽ, ഇബ്‌റാഹീം പ്രവാചകന്റെ ഋജുമാർഗവുമായി, ഒരു പ്രവാചകന്റെ നിയോഗത്തിന് നാളുകളടുത്തിരിക്കുന്നു. അറബികളുടെ നാട്ടിൽനിന്ന് അദ്ദേഹം പ്രവാചകനായി പുറപ്പെടും. കറുത്ത കല്ലുകൾ പാകപ്പെട്ട രണ്ട് കുന്നുകൾക്കിടയിൽ ഈത്തപ്പനകൾ വിളയുന്ന നാട്ടിലേക്ക് അദ്ദേഹം പലായനം ചെയ്ത് അഭയാർഥിയായി എത്തും. അദ്ദേഹത്തെ തിരിച്ചറിയുവാൻ വ്യക്തമായ ചില അടയാളങ്ങളുണ്ടായിരിക്കും. അദ്ദേഹം പാരിതോഷികം ഭക്ഷിക്കും. സ്വദക്വയായി കിട്ടുന്ന മുതൽ ഭക്ഷിക്കില്ല. അദ്ദേഹത്തിന്റെ ഇരുചുമലുകൾക്കിടയിൽ പ്രവാചകത്വ മുദ്രയുണ്ടായിരിക്കും. ആ നാട്ടിലേക്ക് എത്തിച്ചേരുവാൻ കഴിയുമെങ്കിൽ അതിനുള്ള ശ്രമംനടത്തുക."

അങ്ങനെ അദ്ദേഹവും മരിച്ച് മൺമറഞ്ഞു. അമ്മൂരിയ്യ ദേശത്ത് ഞാൻ താമസിച്ചുകൊണ്ടിരിക്കെ, അറബികളിലെ കെൽബ് ഗോത്രത്തിൽ ഒരു വിഭാഗം കച്ചവടക്കാരായി അവിടെയെത്തി. ഞാൻ അവരോട് പറഞ്ഞു: "അറബികളുടെ നാട്ടിലേക്ക് നിങ്ങൾ എന്നെ കൂടെക്കൂട്ടുക. പകരമായി എന്റെ ആടുകളെയും മാടുകളെയും ഞാൻ നിങ്ങൾക്കു തരാം."

അവർ സമ്മതിച്ചു. ഞാൻ ആടുമാടുകളെ നൽകി. അവർ എന്നെയുംകൊണ്ട് യാത്രയായി. വാദീ അൽക്വുറാ എന്ന സ്ഥലത്തെത്തിയപ്പോൾ അവർ എന്നോട് ക്രൂരത കാണിച്ചു; അഥവാ അവർ എന്നെ ഒരു ജൂതന് അടിമയായി വിറ്റു. അയാളുടെ അടിമയായി ഞാൻ അയാളോടൊത്ത് കൂടി. അവിടെ ഞാൻ ഈത്തപ്പനകൾ കണ്ടു. വരാനിരിക്കുന്ന പ്രവാചകന്റെ ആഗമനഭൂമി ഇതായിരിക്കട്ടെ എന്ന് ഞാൻ കൊതിച്ചു. പക്ഷേ, അവിടം അതായിരുന്നില്ല. അടിമയായി ഞാൻ ജോലിചെയ്തുകൊണ്ടിരിക്കെ ഒരിക്കൽ, മദീനയിലെ ജൂത ഗോത്രമായ ബനൂക്വുറയ്ള്ക്കാരിൽപെട്ട യജമാനന്റെ പിതൃവ്യപുത്രൻ വന്നു. അയാൾ എന്നെ വിലയ്ക്ക് വാങ്ങി മദീനയിലേക്ക് കൊണ്ടുപോയി. അല്ലാഹുവാണേ, മദീന കണ്ടമാത്രയിൽ അമ്മൂരിയ്യയിലെ പുരോഹിതൻ വർണിച്ചതെല്ലാം മനസ്സിൽ തെളിഞ്ഞു. മദീനയെ ഞാൻ തിരിച്ചറിഞ്ഞു. ഞാൻ അവിടെ താമസവുമാക്കി.

അല്ലാഹു പ്രവാചകനെ നിയോഗിക്കുകയും അദ്ദേഹം മക്കയിൽ വർഷങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്തിരുന്നു. അടിമവേലയുടെ തിരക്കിൽ ഞാൻ അദ്ദേഹത്തെക്കുറിച്ച് ഒന്നും കേട്ടതേയില്ല!

പിന്നീട് പ്രവാചകൻﷺ മദീനയിലേക്ക് പലായനം ചെയ്തു. അല്ലാഹുവാണേ, ഞാൻ ഈത്തപ്പന തലപ്പിലിരുന്ന് ചില ജോലികൾ ചെയ്യുകയായിരുന്നു. യജമാനൻ താഴെയിരിക്കുന്നു. അപ്പോൾ അദ്ദേഹത്തിന്റെ ഒരു പിതൃവ്യപുത്രൻ വന്നുകൊണ്ട് പറഞ്ഞു:



“മദീനക്കാർക്ക് നാശം! കാരണം, അവർ മക്കയിൽനിന്നും ഇന്ന് ആഗതനായ ഒരു വ്യക്തിയുടെ ചുറ്റും കൂടിയിരിക്കുന്നു. ആഗതൻ പ്രവാചകനാണെന്ന് അവർ വാദിക്കുകയും ചെയ്യുന്നു.”

അത് കേട്ടതോടെ എനിക്ക് വിറയൽ തുടങ്ങി. താഴെയിരിക്കുന്ന യജമാനന്റെ തലമുകളിൽ വീണേക്കു മോ എന്നുപോലും ഞാൻ ഭയന്നു. ഞാൻ ഈത്തപ്പനയിൽ നിന്ന് താഴെയിറങ്ങി.

യജമാനന്റെ ബന്ധുവോട് ഞാൻ ചോദിച്ചു: “താങ്കൾ എന്താണ് പറയുന്നത്? താങ്കൾ എന്താണ് പറയുന്നത്?”

അതോടെ എന്റെ യജമാനന് അരിശംമൂത്തു. തന്റെ കൈചുരുട്ടി അയാൾ എന്നെ അതിശക്തമായി പ്രഹരിച്ചുകൊണ്ട് പറഞ്ഞു: “ഇതിൽ നിനെക്കെന്ത് കാര്യം? നീ നിന്റെ പണി ചെയ്യ്...”

ഞാൻ പറഞ്ഞു: “ഒന്നുമില്ല. കാര്യം തിരക്കിയെന്നു മാത്രം!”

ഞാൻ ശേഖരിച്ച അൽപം ഭക്ഷണം എന്റെ കയ്യിലുണ്ടായിരുന്നു. വൈകുന്നേരമായപ്പോൾ ഞാൻ അതെടുത്ത് തിരുദൂതരുടെ അടുത്തേക്ക് പോയി. അദ്ദേഹം മദീനക്കടുത്ത ക്വുബാ എന്ന സ്ഥലത്തായിരുന്നു. അദ്ദേഹത്തിനരികിലേക്ക് പ്രവേശിച്ച് ഞാൻ പറഞ്ഞു:

“താങ്കൾ ഒരു നല്ല മനുഷ്യനാണെന്ന് എനിക്കറിയാം. താങ്കളുടെ കൂടെ അപരിചിതരും അത്യാവശ്യക്കാരുമായ അനുചരന്മാരുമുണ്ട്. എന്റെ അടുക്കൽ അൽപം ഭക്ഷണമുണ്ട്. അത് സ്വദക്വ (ദാനം) ചെയ്യുവാനുള്ളതാണ്. ആരെക്കാളും ഇതിന് അർഹർ നിങ്ങളാണെന്നതിനാൽ ഞാൻ ഇത് അങ്ങയുടെ മുന്നിൽ സമർപ്പിക്കുന്നു.”

പ്രവാചകൻﷺ അനുചരന്മാരോട് പറഞ്ഞു: “നിങ്ങൾ ഭക്ഷിക്കുക.” അദ്ദേഹം ഭക്ഷിക്കാതെ കൈ വലിച്ചു. ഞാൻ മനസ്സിൽ പറഞ്ഞു; ഇത് (വേദ പണ്ഡിതൻ മൊഴിഞ്ഞ) ഒരു അടയാളമാണ്.

ഞാൻ മടങ്ങി. മറ്റൊരിക്കൽ അൽപം ഭക്ഷണം ശേഖരിച്ചു. അപ്പോഴേക്കും പ്രവാചകൻﷺ ക്വുബായിൽനിന്ന് മദീനയിലേക്ക് താമസം മാറ്റിയിരുന്നു. ഞാൻ അവിടേക്ക് ചെന്നുകൊണ്ട് പറഞ്ഞു:

“ഞാൻ താങ്കൾക്ക് സ്വദക്വ തന്നു. പക്ഷേ, താങ്കൾ അത് ഭക്ഷിച്ചില്ല. ഇത് പാരിതോഷികമാണ്. ഇത് നൽകി താങ്കളെ ഞാൻ ആദരിക്കുന്നു.”

തിരുദൂതർ അതിൽനിന്ന് ഭക്ഷിച്ചു. അദ്ദേഹത്തോടൊപ്പം അനുചരന്മാരും ഭക്ഷിച്ചു. ഞാൻ മനസ്സിൽ പറഞ്ഞു; ഇത് (വേദ പണ്ഡിതൻ മൊഴിഞ്ഞ) രണ്ടാമത്തെ അടയാളമാണ്.

മറ്റൊരിക്കൽ ഞാൻ പ്രവാചകന്റെﷺ അടുക്കൽ ചെന്നു. അദ്ദേഹം ബക്വീഅ് ക്വബ്ർസ്ഥാനിൽ ഒരു അനുചരനെ മറമാടുന്ന ചടങ്ങിലായിരുന്നു. രണ്ട് പുതപ്പുകൾ ധരിച്ച് അദ്ദേഹം അനുചരന്മാരോടൊപ്പം ഇരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന് ചുറ്റും വട്ടമിട്ട് നടന്നു. വേദപണ്ഡിതൻ വർണിച്ച പ്രവാചകത്വമുദ്ര അദ്ദേഹത്തിന്റെ മുതുകിലുണ്ടോ എന്ന് പരതുകയായിരുന്നു ഞാൻ. അദ്ദേഹത്തിന് ചുറ്റും വട്ടമിട്ട് നടന്ന് പരതുന്നത് കണ്ടപ്പോൾ എന്തോ ഉറപ്പുവരുത്തുകയാണെന്ന് പ്രവാചകന് ബോധ്യപ്പെട്ടു. അദ്ദേഹം തന്റെ പുതപ്പ് മുതുകിൽ നിന്ന് നീക്കിയിട്ടു. ഞാൻ മുദ്ര കണ്ടു. എനിക്ക് അദ്ദേഹത്തെ മനസ്സിലായി. ഞാൻ അദ്ദേഹത്തിലേക്ക് കുനിഞ്ഞ് വീണു. അദ്ദേഹത്തെ ചുംബിച്ചു. എനിക്ക് കരച്ചിലടക്കാനായില്ല.

റസൂൽﷺ പറഞ്ഞു: “അൽപം മാറിനിൽക്കൂ.”

ഞാൻ മാറിനിന്ന് എന്റെ കഥ പറഞ്ഞു. അനുചരന്മാർ അത് കേൾക്കണമെന്നതിൽ റസൂൽﷺ ഏറെ താൽപര്യം കാണിക്കുകയുണ്ടായി.”

ഇസ്‌ലാമിന്റെ പുത്രനായി സൽമാൻ(റ) ഏറെ നാളുകൾ ജീവിച്ചു. സത്യാന്വേഷണ തൃഷ്ണയായിരുന്നു അദ്ദേഹത്തിൽ മികച്ചുനിന്ന സ്വഭാവമെന്ന് പരാമൃഷ്ട കഥ നമ്മോടോതുന്നു. വിശ്വാസ ദൃഢതയും വിജ്ഞാനവും കൈമുതലാക്കി ജീവിച്ച സൽമാൻ(റ) തികഞ്ഞ വിനയവും വിരക്തിയുമുള്ള വ്യക്തിയായിരുന്നു. സൽമാൻ(റ) രോഗബാധിതനായി മരണശയ്യയിലാണെന്നറിഞ്ഞപ്പോൾ സുഹൃത്തുക്കൾ സഅ്ദും(റ) ഇബ്നുമസ്ഊദും(റ) അദ്ദേഹത്തെ സന്ദർശിച്ചു. അപ്പോൾ സൽമാൻ(റ) കണ്ണീരൊഴിക്കി. അവർ ചോദിച്ചു:



"സൽമാൻ താങ്കൾ എന്തിനാണ് കരയുന്നത്?"

അദ്ദേഹം പറഞ്ഞു: "ഭൗതിക ജീവിതത്തിൽ നിങ്ങളുടെ സമ്പാദ്യം ഒരു പഥികന്റെ പാഥേയം കണക്കിന് മതിയെന്ന തിരുനബിﷺയുടെ നമ്മോടുള്ള വസിയ്യത്ത് നാം പാലിച്ചുവോ എന്ന ആലോചനയാണ് എന്നെ കരയിപ്പിക്കുന്നത്."

ഉസ്മാൻ(റ)വിന്റെ ഖിലാഫത്തിൽ മദാഇൻ ദേശത്ത് വെച്ചായിരുന്നു ഈ സംഭവം. മരണശേഷം അദ്ദേഹം അവശേഷിപ്പിച്ച സമ്പാദ്യം എണ്ണിത്തിട്ടപ്പെടുത്തി. ഇരുപത്തിമൂന്ന് ദിർഹം മാത്രമായിരുന്നു അത്. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇൻസൈറ്റ്**
ഇസ്‌ലാം ശുദ്ധിയുടെ മതം
മുനവ്വർ ഫൈറൂസ്
24.06.19 തിങ്കൾ 06:30 PM

**ആരോഗ്യ വിചാരം**
നേത്ര രോഗങ്ങൾ, ഭാഗം: 7
തിമിര ശസ്ത്രക്രിയ ഏറെ സുരക്ഷിതം
ഡോ. മുഹമ്മദ് ഇഖ്ബാൽ (ചീഫ് കൺസൾട്ടന്റ്, മൗലാന ഹോസ്പിറ്റൽ, പെരിന്തൽമണ്ണ, മുൻ സീനിയർ കൺസൾട്ടന്റ്, അരവിന്ദ് ഐ ഹോസ്പിറ്റൽ)
ഡോ. പി.പി. അബ്ദുൽ മാലിക് (പീസ് റേഡിയോ പ്രതിനിധി)
24.06.19 തിങ്കൾ 9:25 PM

**ഇ മദ്രസ്സ**
ചീത്ത സ്വഭാവവും അതിന്റെ അനന്തരഫലങ്ങളും
ഹസ്സൻ അൻസാരി
25.06.19 ചൊവ്വ 07:10 AM

**ടെലി ക്വിസ്**
ടെലി ക്വിസ്, ഭാഗം: 6
ഷമീൽ മഞ്ചേരി
25.06.19 ചൊവ്വ 09:25 PM

**ദൃശ്യം**
ചരിത്രയാത്രയിലെ സാഹസിക അനുഭവങ്ങൾ
ഡോ. അബ്ദുറസ്സാഖ് സുല്ലമി
26.06.19 ബുധൻ 08:20 PM

**കർമ്മസരണി**
കച്ചവടവും നഷ്ടപരിഹാരവും, ഹംസ മദീനി
26.06.19 ബുധൻ 09:00 PM

**ജനക്ഷേമം**
റോഡ് സുരക്ഷ; ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഭാഗം: 3
പൗലോസ് കുട്ടമ്പുഴ
ഇബ്നു അലി എടത്തനാട്ടുകര (പീസ് റേഡിയോ പ്രതിനിധി)
26.06.19 ബുധൻ 09:25 PM

**ആരോഗ്യ വിചാരം**
നേത്ര രോഗങ്ങൾ, ഭാഗം: 8
തിമിരം അകറ്റാം, കാഴ്ചയെ വീണ്ടെടുക്കാം
ഡോ. മുഹമ്മദ് ഇഖ്ബാൽ (ചീഫ് കൺസൾട്ടന്റ്, മൗലാന ഹോസ്പിറ്റൽ, പെരിന്തൽമണ്ണ, മുൻ സീനിയർ കൺസൾട്ടന്റ്, അരവിന്ദ് ഐ ഹോസ്പിറ്റൽ)
ഡോ. പി.പി. അബ്ദുൽ മാലിക് (പീസ് റേഡിയോ പ്രതിനിധി)
27.06.19 വ്യാഴം 8:20 PM

**ഇൻസൈറ്റ്**
ശാസ്ത്രപഠനം ദൈവത്തിലേക്ക്
Water Cycle, ഭാഗം: 3
ജൗസൽ സി.പി
29.06.19 ശനി 06:30 PM

**അൽ ഉസൂൽ**
ഹദീസും വിശ്വാസികളും
അബ്ദുൽ മാലിക് സലഫി
29.06.19 ശനി 09:00 PM

**ഇലൽ അറബിയ്യ**
അറബി ഭാഷാ പഠനം, ഭാഗം: 40
ഹുസൈൻ പലേക്കോടൻ
30.06.19 ഞായർ 9:25 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 19**

**ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 13**



# ഇന്നും പ്രസക്തമാകുന്ന ഹമദാനീ ദർശനം

**ഒ**രു മുസ്‌ലിം പണ്ഡിത സഭയുടെ അനിവാര്യത കേരളത്തിൽ ആദ്യമായി ഊന്നിപ്പറഞ്ഞ പണ്ഡിതൻ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളാണ്. പണ്ഡിത സംഘടനയുടെ അനിവാര്യത ന്യായയുക്തം ബോധ്യപ്പെടുത്തുന്ന ഈ ഗ്രന്ഥം പുറത്ത് വന്ന് 8 വർഷത്തിനു ശേഷവും പണ്ഡിത സംഘടന രൂപീകരിക്കുന്നത് മതപരമായി കൊടിയ പാതകമാകുമോ എന്ന ആശങ്കയാണ് പണ്ഡിതന്മാരുടെ ഭാഗത്ത് നിന്ന് പോലും ഉയർന്നുവന്നത്. വീണ്ടും 2 വർഷം കഴിഞ്ഞ് ആ സംഘടനയെ പിളർത്തിയപ്പോൾ അവർക്ക് ഒരു മനസ്സാക്ഷിക്കുത്തും അനുഭവപ്പെട്ടതുമില്ല!

മാറ്റത്തിനായുള്ള സമുദായത്തിന്റെ പ്രയാണത്തെ അത്രമേൽ മന്ദഗതിയിലാക്കുകയാണ് പണ്ഡിതന്മാരെന്നവകാശപ്പെട്ടിരുന്നവർ ചെയ്തത്. 1924ൽ ആലുവയിലെ പണ്ഡിതസഭാരൂപീകരണ ചർച്ചയ്ക്കിടയിലാണ് ആദ്യ ആശങ്ക ബാക്വവി ബിരുദമുള്ള ഒരു മുസ്‌ലിയാരാൽ ഉന്നയിക്കപ്പെട്ടത്: 'ഇങ്ങനെ പണ്ഡിതന്മാർക്ക് ഒരു സംഘടിത രൂപം നൽകാൻ ദലീൽ (തെളിവ്) വല്ലതും ഉണ്ടോ?'

'നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ' എന്ന വിശുദ്ധ ക്വുർആൻ മൂന്നാം അധ്യായം, വചനം 194ന്റെ അടിസ്ഥാനത്തിലാണ് ഇത് നടത്തുന്നതെന്ന് അധ്യക്ഷ വേദിയിൽ നിന്ന് വിശദീകരിച്ചത് കേരളത്തിലെ ഒട്ടുമിക്ക പണ്ഡിതന്മാരുടെയും ഗുരുവും മൗലവി ഫാദിൽ ബാഖവി ബിരുദം നൽകുന്ന തമിഴ്നാട്ടിലെ വെല്ലൂർ അൽബാക്വിയാതുസ്സ്വാലിഹാത് അറബിക്കോളേജിന്റെ പ്രിൻസിപ്പലുമായ അബ്ദുൽ ജബ്ബാർ ഹസ്റത്താണ്.

ഉടനെ ബാക്വവിയുടെ അടുത്ത ന്യായീകരണം വന്നു! 'അത് ക്വുർആനല്ലേ, ദലീൽ (തെളിവ്) ആണ് ഞാൻ ചോദിച്ചത്' എന്നായിരുന്നു അത്. ചോദ്യകർത്താവിനെ ഹസ്റത്ത് രൂക്ഷമായൊന്ന് നോക്കുക മാത്രം ചെയ്തു. വിശുദ്ധ ക്വുർആനിനെ ജീവിത പ്രമാണമാക്കാൻ പറ്റുമോ എന്ന് സംശയിക്കുന്ന പണ്ഡിതന്മാർ ഉള്ള കാലത്ത് അവരെക്കൂടി ബോധവത്കരണം നടത്താൻ ഒരു പണ്ഡിത സംഘടന അനിവാര്യം തന്നെയായിരുന്നു.

പണ്ഡിത സംഘടനയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് 103 വർഷങ്ങൾക്ക് മുമ്പ് ഹമദാനി തങ്ങൾ പങ്കുവെച്ച ചിന്തകൾ ഇവയായിരുന്നു:

"ആയതുകൊണ്ട് മുമ്പ് ഫണ്ട് തന്നെ ഉണ്ടാക്കണം. ഫണ്ട് ഉണ്ടാക്കണമെങ്കിൽ ഇസ്‌ലാമിക ഐക്യം (ഇൽഫതുൽ ഇസ്‌ലാം) എന്ന ജീവശക്തി പ്രചരിപ്പിക്കുവാനായി ആദ്യമായിട്ട് ഉലമാക്കളുടെ[120] ഒരു സംഘത്തെ ഏർപ്പെടുത്തണം. അവർക്ക് വേണ്ടുന്ന ചെലവുകൾ ബൈതുൽ മാലിൽ നിന്ന് കൊടുക്കണം. സമുദായ ഫണ്ട് ഉണ്ടാകണമെങ്കിൽ സമുദായ ജനങ്ങളിൽ ഐക്യവും സാഹോദര്യവും പരസ്പര സഹായവും ഒരുമയും ഉണ്ടാകണം. അവകൾ ഉണ്ടാകണമെങ്കിൽ പരസ്പര സഹായ ബന്ധമുള്ള സഭകൾ സ്ഥാപിതമാകണം. സഭകൾ ഏർപ്പാടാക്കണമെങ്കിൽ സമുദായ നായകന്മാരായ ഉലമാക്കളും സമുദായം വക പത്രങ്ങളും സദാ ജനങ്ങളെ ഉണർത്തി ഉത്സാഹിപ്പിക്കണം. അതിലേക്കും ധനവ്യയം ചെയ്യണം. ആയതുകൊണ്ട് മറ്റെല്ലാ ആവശ്യത്തെക്കാൾ 'ബൈത്തുൽമാൽ' തന്നെ മുന്തിനിൽക്കണം.[121] അല്ല, മറ്റു കാര്യങ്ങളെല്ലാം ഒന്ന് ഒന്നിനെക്കാൾ മുന്തുന്നവയായതുകൊണ്ട് മേൽചൂണ്ടിക്കാണിച്ചിരിക്കുന്ന ദഅ്‌വത്ത് (പ്രസംഗം), ജരീദ (പത്രം), ബൈതുൽമാൽ (സമുദായ ഫണ്ട്), ഇൽമ് (വിദ്യാഭ്യാസം), സഭ എന്നിവ അഞ്ചും ഒന്ന് ഒന്നിനെക്കാൾ അത്യാവശ്യം തന്നെ ആയിരിക്കുന്നതിനാലും എല്ലാ കാര്യങ്ങളിലും നല്ലവണ്ണം ആലോചിച്ചുറച്ചും കൊണ്ട് കഴിവുള്ളിടത്തോളം സർവത്തെയും സാധ്യപ്പെടുത്തുവാൻ സമുദായാംഗങ്ങൾ ഉത്സാഹിക്കേണ്ടതാകുന്നു."[122]

തുടർന്ന് വിശുദ്ധ ക്വുർആനിലെ അമ്പത്തിമൂന്നാം അധ്യായം അന്നജ്മ്, വചനം 39ഉം പരിഭാഷയും വിശദീകരണവും ഹമദാനി തങ്ങൾ വായനക്കാരെ ധരിപ്പിക്കുന്നുണ്ട്.

"മനുഷ്യന് അവൻ അധ്വാനിച്ചുനേടിയതല്ലാതെ മറ്റൊന്നുമില്ല''(അന്നജ്മ് 39).

"ഇക്കാലത്തെ ഇർശാദിനും ദഅ്‌വത്തിനും വേണ്ടി ഉലമാക്കളുടെ പരസ്പര ബന്ധമുള്ള രണ്ട് സംഘം. ഹോ! രണ്ടെന്നെഴുതിയത് തന്നെ അബദ്ധമായിപ്പോയിരിക്കുന്നു. രണ്ടോ അതിലധികമോ വകുപ്പുകളുള്ള ഒരേ ഒരൊറ്റ സംഘത്തെ ഏർപ്പെടുത്തി മുസ്‌ലിമീങ്ങളിൽ ബൈഅതും[123] നസ്വീഹതും[124] വസ്വിയ്യതും[125] ഇർശാദും ചെയ്തു ഉൽഫത്തിലാക്കി സർവകാര്യങ്ങളിലും അ



**ജ്ഞാന ശാസ്ത്രത്തിന്റെ സൂക്ഷ്മാംശങ്ങൾ വിവരിക്കുന്ന ജീവിതഗന്ധിയല്ലാത്ത കൃതികൾ മാത്രം പഠിപ്പിക്കപ്പെട്ട പൗരോഹിത്യത്തിന്റെ നേതൃകരവലയങ്ങളിലമർന്ന്, സകല പുരോഗമന മാർഗങ്ങളുടെയും ശത്രുപക്ഷത്ത് നിലയുറപ്പിച്ച ഒരു പിന്തിരിപ്പൻ സമൂഹത്തിന്റെ പുനസ്സംരചന; പ്രൗഢമായ രചനകളിലൂടെ നിർവഹിക്കാനുള്ള സൗഭാഗ്യം ഇത്രമേൽ കൈവന്നത് സയ്യിദ് ഥനാഉല്ലാ മക്ദി തങ്ങൾ, ശൈഖ് മുഹമ്മദ് ഹമദാനി തങ്ങൾ, വക്കം മുഹമ്മദ് അബ്ദുൽ ക്വാദിർ മൗലവി തുടങ്ങിയ ചില അനുപമ വ്യക്തിത്വങ്ങൾക്ക് മാത്രമാണ്.**

**ഒരു മുസ്‌ലിം പണ്ഡിത സഭയുടെ അനിവാര്യത കേരളത്തിൽ ആദ്യമായി ഊന്നിപ്പറഞ്ഞ പണ്ഡിതൻ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളാണ്. പണ്ഡിത സംഘടനയുടെ അനിവാര്യത ന്യായയുക്തം ബോധ്യപ്പെടുത്തുന്ന ഈ ഗ്രന്ഥം പുറത്ത് വന്ന് 8 വർഷത്തിനു ശേഷവും പണ്ഡിത സംഘടന രൂപീകരിക്കുന്നത് മതപരമായി കൊടിയ പാതകമാകുമോ എന്ന ആശങ്കയാണ് പണ്ഡിതന്മാരുടെ ഭാഗത്ത് നിന്ന് പോലും ഉയർന്നു വന്നത്. വീണ്ടും 2 വർഷം കഴിഞ്ഞ് ആ സംഘടനയെ പിളർത്തിയപ്പോൾ അവർക്ക് ഒരു മനസ്സാക്ഷിക്കുത്തും അനുഭവപ്പെട്ടതുമില്ല!**



വരെ യോജിപ്പിച്ച്, മുസ്‌ലിമീങ്ങൾ അധിവസിക്കുന്ന എല്ലാ സ്ഥലങ്ങളിലും ആലോചനാസഭകളും മദ്റസകളും സ്ഥാപിച്ച്, അവകൾക്കെല്ലാം വേണ്ടുന്നതായ ആലോചനകളും ഉപദേശങ്ങളും വെളിപ്പെടുത്തിക്കൊടുക്കുവാൻ വേണ്ടുന്ന വർത്തമാന പത്രങ്ങളും മാസികകളും നടപ്പാക്കി, മുസ്‌ലിമീങ്ങളെ അഭിവൃദ്ധിപ്പെടുത്തി ഉയർത്തുവാൻ എല്ലാ മുസ്‌ലിമീങ്ങളും അവരവരാൽ കഴിവുള്ളിടത്തോളം ശ്രമം ചെയ്യേണ്ടത് നമ്മളെല്ലാവരുടെയും കർത്തവ്യകർമ്മങ്ങളാൽ ഉള്ളതാകുന്നു. ഇങ്ങനെയുള്ള ഉത്സാഹം, പ്രയത്നം മുതലായവകൾ കൊണ്ടല്ലാതെ ഇനി നമുക്ക് സുഖജീവിതം ഇഹത്തിലും പരത്തിലും ഉണ്ടാകുവാൻ വളരെ പ്രയാസമാണെന്ന് തോന്നുന്നു. അല്ലാഹു തആലാ[126] നമ്മളെ എല്ലാവരെയും സർവകാര്യങ്ങളിലും വേണ്ടുന്നതായ ഉത്സാഹത്തെ വേണ്ടുന്ന കർമ്മത്തിൽ ചെയ്തു സാധിപ്പിക്കുന്ന സാക്ഷാൽ മുസ്‌ലിമീങ്ങളായി പോറ്റി രക്ഷിക്കട്ടെ, ആമീൻ."[127]

പ്രിയ വായനക്കാരേ, 12 അധ്യായങ്ങളിലായി ഹമദാനി തങ്ങളുടെ പ്രവർത്തനങ്ങളും രചനകളും വിശകലന വിധേയമാക്കിയപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിച്ച ചില സുപ്രധാന വസ്തുതകൾ ഇവിടെ ക്രമത്തിൽ സംഗ്രഹിക്കാം:

**ഇൽഫതുൽ ഇസ്‌ലാമിന്റെ സ്വാധീനഫലങ്ങൾ**

1. കേരള മുസ്‌ലിംകൾക്കിടയിൽ വിശുദ്ധ ക്വുർആനും പ്രവാചക ജീവിത മാതൃകയുമാണ് വിശ്വാസിയുടെ ജീവിതപ്രമാണമെന്ന ചിന്ത വളർത്തിയെടുത്തു.

2. വ്യത്യസ്ത ത്വരീക്വത്ത് കക്ഷികളായിപ്പിരിഞ്ഞ് തമ്മിൽ തല്ലേണ്ടവരല്ല തങ്ങളെന്നും മുസ്‌ലിംകൾക്ക് ഉത്തമ സമുദായം എന്ന നിലയ്ക്ക് വിശുദ്ധ ക്വുർആനും പ്രവാചക ജീവിത മാതൃകയുമാകുന്ന ജീവിതപ്രമാണങ്ങൾ സ്വീകരിക്കുക വഴി ഏകതാനമായ ദൈവിക മാർഗദർശനത്തിലേക്ക് എത്തിച്ചേരാൻ കഴിയുമെന്നും അവിടെ ഭിന്നതകൾക്ക് പ്രസക്തിയില്ലെന്നും മനസ്സിലാക്കിക്കൊടുക്കുകയും; സമുദായാംഗങ്ങൾ എല്ലാവരും ഒന്നാണെന്നും പരസ്പരം സഹായിക്കേണ്ടവരാണെന്നുമുള്ള ബോധമുണ്ടാക്കുകയും ചെയ്തു.

3. വിശ്വാസി സമൂഹം പരസ്പരം പാലിക്കേണ്ട കടമകളും കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും ഏതൊക്കെയാണെന്ന് മലയാളി ആദ്യമായി മനസ്സിലാക്കുന്നത് ഈ ഗ്രന്ഥത്തിലൂടെയാണ്.

4. ലോകത്ത് നടക്കുന്ന നവോത്ഥാന സംരംഭങ്ങളെ പരിചയപ്പെടുക വഴി, നമ്മുടെ സമൂഹത്തിലും മാറ്റം സാധ്യമാണ് എന്ന ആത്മവിശ്വാസം വളർത്തി.


5. കേരള മുസ്‌ലിം നവോത്ഥാനം സാധ്യമാക്കുന്ന തരത്തിലുള്ള വിഭവവിന്യാസത്തിന് കൂട്ടായ പരിശ്രമങ്ങളും സംഘടിത സംവിധാനങ്ങളും കൂടിയേ കഴിയൂ എന്ന തിരിച്ചറിവുണ്ടാക്കുകയും പണ്ഡിത സഭയുടെ അനിവാര്യത ഉണർത്തുകയും ചെയ്ത ആദ്യത്തെ ഗ്രന്ഥമാണിത്.

6. നമ്മുടെ നാട് തേടുന്ന നവോത്ഥാനത്തിന്റെ കരട് പദ്ധതികൾ അവതരിപ്പിക്കുക വഴി പിന്നീട് കേരള മുസ്‌ലിം സമൂഹത്തെ പരിവർത്തിപ്പിച്ച നവോത്ഥാന നായകർക്ക് ദിശാബോധം നൽകിയത് ഈ ഗ്രന്ഥമാണ്.

7. പ്രശസ്തരായ സമകാലിക കേരളീയ പണ്ഡിതന്മാരുടെ പുസ്തകാഭിപ്രായത്തെ ഈ ഗ്രന്ഥത്തിന്റെ വാണിജ്യവൽക്കരണത്തിനുപയോഗിക്കുക വഴി അവരെയും കൂടി ഇതിന്റെ ബ്രാന്റ് അംബാസിഡർമാരാക്കി.

8. പത്രപാരായണം പാതകമായി കരുതിയിരുന്ന

**വിശുദ്ധ ക്വുർആൻ പരിഭാഷപ്പെടുത്തുക എന്നത് സാഹസമായി മാറിക്കഴിഞ്ഞിരുന്ന കാലത്ത് രചനയിലും പ്രഭാഷണത്തിലും താൻ ആവിഷ്‌കരിക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾക്ക് പ്രാമാണികതയുണ്ടെന്ന് ബോധ്യപ്പെടുത്താൻ, വിശുദ്ധ ക്വുർആനിന്റെയും പ്രവാചകന്റെയും വചനങ്ങൾക്ക് സാന്ദർഭികമായി പരിഭാഷയും വ്യാഖ്യാനവും നൽകിക്കൊണ്ട് ഹമദാനി ശൈഖിന് സാധിച്ചു.**



വരുടെ പുത്രന്മാർക്ക് വേണ്ടിയെങ്കിലും പത്രങ്ങൾ നിലനിൽക്കേണ്ടത് അനിവാര്യമാകയാൽ സമുദായത്തിന്റെ ശ്രദ്ധ വലിയതോതിൽ അതിലേക്ക് ക്ഷണിക്കുകയും പിതൃവാൽസല്യത്തോടുകൂടി അവയെ പരിപോഷിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു.

**ഹമദാനി തങ്ങളുടെ സ്വാധീനം**

1. ജ്ഞാന ശാസ്ത്രത്തിന്റെ സൂക്ഷ്മാംശങ്ങൾ വിവരിക്കുന്ന ജീവിതഗന്ധിയല്ലാത്ത കൃതികൾ മാത്രം പഠിപ്പിക്കപ്പെട്ട പൗരോഹിത്യത്തിന്റെ നേതൃകരവലയങ്ങളിലമർന്ന്, സകല പുരോഗമന മാർഗങ്ങളുടെയും ശത്രുപക്ഷത്ത് നിലയുറപ്പിച്ച ഒരു പിന്തിരിപ്പൻ സമൂഹത്തിന്റെ പുനസ്സംരചന; പ്രൗഢമായ രചനകളിലൂടെ നിർവഹിക്കാനുള്ള സൗഭാഗ്യം ഇത്രമേൽ കൈവന്നത് സയ്യിദ് ഥനാഉല്ലാ മക്ദി തങ്ങൾ, ശൈഖ് മുഹമ്മദ് ഹമദാനി തങ്ങൾ, വക്കം മുഹമ്മദ് അബ്ദുൽ ക്വാദിർ മൗലവി തുടങ്ങിയ ചില അനുപമ വ്യക്തിത്വങ്ങൾക്ക് മാത്രമാണ്.

2 പ്രബോധനത്തിന് പകരം ഭാഷാവ്യക്തതയില്ലാത്ത പഴക്കം പറച്ചിലുകൾ കേട്ട് മയങ്ങിക്കിടന്നിരുന്ന ഒരു സമൂഹത്തിൽ, പൊതുപ്രഭാഷണങ്ങളെ സാമൂഹ്യമാറ്റത്തിന്റെ ചടുലമായ ഉപകരണങ്ങാക്കി മാറ്റിയെടുത്തു.

3. നവോത്ഥാനം സാധ്യമാക്കുന്നതിന് വിവിധ സംഘടനകൾ രൂപീകരിക്കുകയും ആ ലക്ഷ്യത്തിനു വേണ്ടി രൂപീകരിക്കപ്പെട്ട മറ്റു സംഘടനകൾക്ക് താങ്ങും തണലുമായി മാറുകയും ചെയ്തു.

4. പ്രത്യുൽപന്നമതികളായ പുതിയ തലമുറയെ വളർത്തിയെടുക്കുന്നതിന് വിദ്യാലയങ്ങളും കലാലയങ്ങളും സർവകലാശാലകളും സ്ഥാപിക്കാൻ മുന്നിൽ നിന്ന് പ്രവർത്തിച്ചു.

5. ജനപ്രതിനിധിസഭകളിൽ നാട്ടിന്റെയും സമുദായത്തിന്റെയും ക്ഷേമത്തിന് വേണ്ടി വീറോടെ വാദിക്കുകയും അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഭരണാധികാരികളോടുള്ള അടുപ്പവും സമാന മനസ്‌കരുടെ സഹകരണവും പ്രയോജനപ്പെടുത്തുകയും ചെയ്തു.

6. വഴിയറിയാതുഴലുന്ന സമുദായത്തിന് ദിശാബോധം നൽകാൻ ധിഷണാശാലികളായ യുവാക്കളെയും മധ്യവയസ്‌കരെയും വളർത്തിക്കൊണ്ടുവന്നു.

7. മലയാളത്തിനെ നിഷിദ്ധമായ ആര്യനെഴുത്തും ഇംഗ്ലീഷിനെ നരകത്തിലെ ഭാഷയുമാക്കി ചാപ്പകുത്തി മാറ്റിനിർത്തിയിരുന്ന ആപൽക്കാലത്ത് ഇംഗ്ലീഷിനെ വിജ്ഞാനസമ്പാദനത്തിനും മലയാളത്തെ ആശയ പ്രസാരണത്തിനും സക്രിയമായി എങ്ങിനെ ഉപയോഗിക്കാം എന്നതിന് മാതൃകയായി.

8. വിശുദ്ധ ക്വുർആൻ പരിഭാഷപ്പെടുത്തുക എന്നത് സാഹസമായി മാറിക്കഴിഞ്ഞിരുന്ന കാലത്ത് രചനയിലും പ്രഭാഷണത്തിലും താൻ ആവിഷ്‌കരിക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾക്ക് പ്രാമാണികതയുണ്ടെന്ന് ബോധ്യപ്പെടുത്താൻ, വിശുദ്ധ ക്വുർആനിന്റെയും പ്രവാചകന്റെയും വചനങ്ങൾക്ക് സാന്ദർഭികമായി പരിഭാഷയും വ്യാഖ്യാനവും നൽകിക്കൊണ്ട് ഹമദാനി ശൈഖിന് സാധിച്ചു.

**ആധാര സൂചിക:**

(120) പണ്ഡിതന്മാരുടെ.

(121) പ്രഥമ പരിഗണന നൽകണം.

(122) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വതിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, താൾ 86-88.

(123) അനുസരണ പ്രതിജ്ഞയുടെ പാലനം.

(124) ഗുണകാംക്ഷ.

(125) ശക്തിമത്തായ ഉപദേശം

(126) അത്യുന്നതനായ അല്ലാഹു

(127) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വതിൽ ഈമാനിയ്യ,' ഒന്നാം പതിപ്പ്, താൾ 89,90.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# ശാപവാക്കുകൾ ഏറ്റുവാങ്ങുന്ന ഡ്രൈവർമാർ

ടാക്സി വാഹനങ്ങളിലോ സ്വകാര്യ വാഹനങ്ങളിലോ ജോലി ചെയ്യുന്നവർ മാത്രമല്ല ഡ്രൈവർമാർ; സൈക്കിൾ തൊട്ട് മുകളിലേക്കുള്ള ഏത് വാഹനം ഓടിക്കുന്നവരും ഡ്രൈവർമാർ തന്നെ. സ്ഥിരമായി യാത്ര ചെയ്യുന്നവർ ദിവസം ഒരു ഡ്രൈവറെയെങ്കിലും വെറുപ്പോടെ തുറിച്ചുനോക്കാത്ത ദിവസം കുറവായിരിക്കും!

ആവശ്യമില്ലാതെ ഹോൺ അടിച്ച് വെറുപ്പിക്കുന്ന കൂട്ടർ ഉണ്ട്. മുമ്പിൽ ഓടുന്ന വാഹനത്തെ മറികടന്ന് പോകാൻ ഇടം ഉണ്ടാവില്ല, ചിലർക്ക് അതിനുള്ള ഡ്രൈവിംഗ് ധൈര്യവും ഉണ്ടാകില്ല. എന്നാലും അവർ ഹോണിൽ നിന്ന് കൈയെടുക്കാതെ ശബ്ദകോലാഹലം സൃഷ്ടിച്ച് മടുപ്പിച്ച് കൊണ്ടിരിക്കും.

വേറൊരു തരക്കാരുണ്ട്; മറികടക്കാൻ ഇടമില്ലാത്ത റോഡിലൂടെ ഇടിച്ചുകയറി, ഒടുക്കം ഇരു വശത്തെയും ഗതാഗതം തടസ്സപ്പെടുത്തി ബ്ലോക്ക് ഉണ്ടാക്കി ആകപ്പാടെ രംഗം സങ്കീർണമാക്കുന്നവർ. നിരവധി പേരുടെ വെറുപ്പ് ചോദിച്ച് വാങ്ങുന്നവരാണ് ഇവർ. ബസ് ഡ്രൈവർമാർ, സ്വകാര്യ ബസ് ജീവനക്കാരിലാണ് ഇക്കൂട്ടർ കൂടുതൽ എന്ന് തോന്നുന്നു. ഇങ്ങനെ ഇടിച്ചുകയറി കുതിരാനിൽ ബ്ലോക്ക് ഉണ്ടാക്കിയ ഒരു ബസിനെ കിലോമീറ്റർ പിന്നിലേക്ക് റിവേഴ്സിൽ ഓടിപ്പിച്ചതിന്റെ വാർത്ത വായിച്ചത് ഓർക്കുന്നു.

വലിയ വാഹനങ്ങൾ ഇങ്ങനെ ഇടിച്ച് കയറുമ്പോൾ ചെറിയ വാഹനങ്ങൾ ഒതുക്കിക്കൊടുത്തില്ലെങ്കിൽ വാഹനത്തിൽ ഉരസി കേടുപാടുകൾ ഉണ്ടാക്കി രക്ഷപ്പെടാറാണ് പതിവ്. ഇങ്ങനെ ഉണ്ടാകുന്ന അപകടവും ഒട്ടും കുറവല്ല. ഒരു ഇടുങ്ങിയ പാലമോ റോഡോ മുന്നിൽ കണ്ടാൽ ആര് ആദ്യം മുന്നിലോടിക്കയറും എന്ന കാര്യത്തിൽ മത്സരിക്കുകയും ഒടുക്കം ഇരു വാഹനങ്ങളും ഒപ്പം കയറുകയും ചെയ്യും. പിന്നെ ആരും ഒട്ടും കുറഞ്ഞു കൊടുക്കില്ല. അങ്ങനെ രണ്ട് കൂട്ടരും പിന്നോട്ടെടുക്കാൻ തയ്യാറാകാതിരിക്കുകയും തുടർന്ന് ബ്ലോക്കിനും തർക്കത്തിനും അനാവശ്യ വർത്തമാനത്തിനും ഇട വരുത്തുകയും ചെയ്യാറുണ്ട്.

ഇനിയൊരു കൂട്ടർ ഉണ്ട്; വ്യത്യസ്ത രൂപവും ശബ്ദവുമുള്ള മോട്ടോർ സൈക്കിളിൽ 'ബെല്ലും ബ്രൈക്കുമില്ലാതെ' ഇല്ലാത്ത ഇടങ്ങളുണ്ടാക്കി മറ്റു വാഹങ്ങൾക്കിടയിലൂടെ വളഞ്ഞുപുളഞ്ഞ് നുഴഞ്ഞു കയറിപ്പോകുന്നവർ. ഇടതുഭാഗം, വലതുഭാഗം, നിയമം എന്നിവ ഇവർക്ക് ഒട്ടും ബാധകമല്ല താനും! ഒപ്പമുള്ളതും എതിർവശത്ത് നിന്ന് വരുന്നതുമായ വാഹനങ്ങൾ സന്മനസ്സ് കാണിച്ച് സ്പീഡ് കുറച്ച് ഇവർക്ക് കടന്നുപോകാൻ വാഹനം ഒതുക്കി വഴിയുണ്ടാക്കിക്കൊടുത്തില്ലെങ്കിൽ റോഡിൽ ചുടുചോര പുരളും. ഇങ്ങനെ എത്രയെത്ര നാം കാണുന്നു ദിനവും! ഈയിടെ ഒരിക്കൽ കാറോടിച്ച് പോകുമ്പോൾ ഇത്തരത്തിലൊരുത്തൻ ഇടത് വശത്തിലൂടെ പാഞ്ഞു പോയി. ഞെട്ടൽ മാറുന്നതിന് മുമ്പ് മറ്റൊരുത്തൻ വലത് ഭാഗത്ത് കൂടിയും പറന്ന് പോയി. അടുത്ത വളവിൽ മേലാസകലം ചിരകി മുറിഞ്ഞു ചോരയൊലിച്ച് കിടക്കുന്ന രണ്ടാമനെ ആളുകൾ റോഡിൽ നിന്ന് എഴുന്നേൽപിക്കുന്ന കാഴ്ച കാണേണ്ടിവരികയും ചെയ്തു.

ലൈറ്റ് കൊണ്ടുള്ള കളിയാണ് മറ്റൊന്ന്. ഇടത്തേക്കോ വലത്തേക്കോ തിരിയുമ്പോൾ കൈ കൊണ്ട് സിഗ്നൽ കാണിക്കുന്നത് ഇപ്പോൾ വിരളം. പകരം ഇന്റിക്കേറ്റർ ലൈറ്റ് പോലും ഇടാൻ പലരും തയാറാകാറില്ല. ഇത് കൊണ്ട് അപകടവും വരാറുണ്ട്. അനുമതിയില്ലാത്ത തീക്ഷ്ണ വെളിച്ചമുള്ള ഹെഡ് ലൈറ്റുകൾ ഉപയോഗിക്കുക, എതിരെ വാഹനം വന്നാലും ഡിം ചെയ്തു കൊടുക്കാതിരിക്കുക എന്നതൊക്കെ പതിവു കാഴ്ചയാണ്. മുമ്പിലേക്ക് കണ്ണ് കാണാത്തതിനാൽ അപകടം സാധാരണം. ലൈറ്റ് ഡിം ചെയ്താൽ അവരുടെ മുമ്പിൽ ചെറുതായിപ്പോകുമോ എന്നതാണ് ഈ 'വൻകിട' ഡ്രൈവർമാരുടെ അഹങ്കാരത്തിന് കാരണം എന്ന് തോന്നുന്നു!

വനിതാ ഡ്രൈവർമാരെ അവഗണിക്കുകയും വാഹനം അതിവേഗതയിൽ ഓടിച്ച് അവരെ പേടിപ്പിക്കുകയും ചെയ്യുന്ന ന്യൂനപക്ഷവുമുണ്ട്. മഴ പെയ്ത് ചെളിവെള്ളം നിറഞ്ഞ റോഡിലൂടെ വാഹനം പറത്തി, വഴിയേ നടക്കുന്നവനെയും മറ്റു വാഹനങ്ങളെയും കുളിപ്പിച്ച് ശാപം ചോദിച്ച് വാങ്ങുന്നവരെ ഏറെ കാണാം. കാൽനട യാത്രക്കാർ, ബൈക്ക് യാത്രക്കാർ, ചെറു വാഹനം ഓടിക്കുന്നവർ എന്നിവരുടെ കാര്യം മഹാ കഷ്ടം!

ഡ്രൈവിങ്ങ് മാന്യവും മനോഹരവുമായ ഒരു കലയാണ്. ഓടിക്കുന്നവന്റെ മാന്യത ഡ്രൈവിങ്ങിൽ പ്രകടമാകും. തിരക്ക് കൂട്ടാതെ, ആവശ്യമായ സിഗ്നലുകൾ കാണിച്ച്, മുന്നിലെയും പിന്നിലെയും വാഹനങ്ങളെ പരിഗണിച്ച് വാഹനം ഓടിക്കുന്നവർ ശപിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല മറ്റു യാത്രക്കാരുടെ ഹൃദയങ്ങളിൽ ഇടം നേടുക കൂടി ചെയ്യുന്നു എന്നതാണ് സത്യം.




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
29 June 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# മതം, മനുഷ്യൻ, സാഹോദര്യം

**സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി**

**വില: ₹ 40**




ഇസ്‌ലാമിനെ യഥാർഥ ഉറവിടങ്ങളിൽ നിന്ന് പഠിക്കുമ്പോഴാണ് അതിന്റെ തനിമ നമുക്ക് വ്യക്തമാവുക. പ്രമാണങ്ങളെ തെറ്റായി വായിക്കുന്നത് സമൂഹത്തിൽ നിരവധി കുഴപ്പങ്ങൾക്ക് ഹേതുവാണ്. തങ്ങളുടെ ഇംഗിതങ്ങൾക്കനുസരിച്ച് പ്രമാണങ്ങളെ വക്രീകരിച്ച് അവതരിപ്പിക്കുന്നവർ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അവർ സമൂഹത്തിനേൽപ്പിക്കുന്ന പരുക്ക് സാരമുള്ളതാണ്. മനുഷ്യർ തമ്മിലുള്ള സാഹോദര്യത്തെ മതം വിലക്കുന്നുണ്ടോ? ഇതര മത വിശ്വാസികളുമായുള്ള വിശ്വാസികളുടെ ഇടപെടൽ എങ്ങനെ? ഇസ്‌ലാം വിലക്കിയ സാഹോദര്യം ഏതാണ്? തുടങ്ങിയ വിഷയങ്ങളിലെ വൈജ്ഞാനിക പഠനമാണ് ഈ ഗ്രന്ഥം. ഈ വിഷയത്തിൽ തൽപരകക്ഷികൾ ഉയർത്തിവിടുന്ന ചില സന്ദേഹങ്ങൾക്ക് ഗ്രന്ഥകാരൻ മറുപടി നൽകിയിട്ടുണ്ട്.

ഓരോ വിഷയത്തിലെയും സലഫീ കാഴ്ചപ്പാടുകൾ എന്തുമാത്രം കാലികമാണ് എന്നതിന്റെ തെളിവുകൂടിയാണ് സിറാജുൽ ഇസ്‌ലാമിന്റെ ഈ കനപ്പെട്ട രചന. ചോദ്യോത്തര രൂപത്തിലുള്ള അവതരണം, വിഷയ ഗ്രാഹ്യത വർധിപ്പിക്കുന്നു.

## പുതിയ മറ്റു പുസ്തകങ്ങൾ

1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം — മൂസ സ്വലാഹി കാര / ₹ 240
2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും — ഹുസൈൻ സലഫി / ₹ 70
3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും — മുബാറക് ബിൻ ഉമർ / ₹ 150
4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? — സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40
5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ — ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60
6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ — ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40
7. ഭരണകൂടഭീകരത — പി.വി.എ പ്രിംറോസ് / ₹ 60
8. ഹദീസ് പാഠം — വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ / ₹ 80